032:3M98:12 F5 AMMAYI PANCHATANTRAM ACHYUTA MENON

032:3M98:12
F5

8:12 F5
ENON (K.)
tan-
MUL
034846

DOCTRINA VIM PROMOVET INSITAM

Madras University Library.

Call Number 032; 3M98:12F5

Accession Number 34846

Available for loan from

This book should be returned on or before the date last marked below.

-SEP 1948

-5 OCT 1948

-4 AUG 1962

O. 61

ലക്ഷ്മീഭായി ഗ്രന്ഥാവലി.

അമ്മായിപഞ്ചതന്ത്രം.

കാരാട്ട് അച്യുതമേനോൻ (ബി എ., ബി. എൽ,)

എഴുതിയത.

പ്രസാധകൻ:

വെള്ളാസ്സൂൽ നാരായണമേനോൻ.

കോപ്പി 1500

TRICHUR.

THE MANGALODAYAM PRESS,

PRINTERS, PUBLISHERS &c. &c.

Rights Reserved.

വില അണ 6

34846
D32 : 3M98:1L
F5

UNIVERSITY

അവതാരിക

'അമ്മായിപഞ്ചതന്ത്രം' ഒരു പുസ്തകമാകുമെന്നൊ അതിന്ന് ഒരു അവതാരിക വേണ്ടിവരുമെന്നൊ അതിന്റെ ഉൽപ്പത്തികാലത്തു ലേശംപോലും വിചാരിച്ചിരുന്നില്ല. കൊച്ചിക്കോവിലകത്തു പതിന്നാലാംകൂർ രാമവർമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു മലയാളഭാഷയുടെ ഉന്നതിക്കായി പലേ വിധത്തിലും ചെയ്തുവന്നിരുന്ന യത്നങ്ങളുടെ കൂട്ടത്തിൽ ഒന്നായ 'രസികരഞ്ജിനി'യിൽ പ്രസിദ്ധം ചെയ്യേണ്ട ആവശ്യത്തിലേക്കു സാമുദായികവിഷയമായി ഒരു ലേഖനം എഴുതേണമെന്നു കല്പിച്ചപ്രകാരം എഴുതിവന്നപ്പോൾ അല്പം നീണ്ടുപോയി. അമ്മായിപഞ്ചതന്ത്രം 'രസികരഞ്ജിനി'യിൽ പ്രസിദ്ധം ചെയ്തു കഴിഞ്ഞപ്പോൾ അതു വായിച്ചിട്ടുള്ളവർ പലരും അതിനെ ഒരു പുസ്തകമായി പ്രസിദ്ധംചെയ്യണമെന്നു നേരിട്ടും എഴുത്തുമൂലവും എന്നെ നിർബ്ബന്ധിച്ചിട്ടുണ്ട്. മലയാളഭാഷയിൽ പുസ്തകങ്ങൾ എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ളവരിൽ അച്ചടിച്ചിലവു കയ്യാൽ നഷ്ടമായി വരാതെ വന്നിട്ടുണ്ടെങ്കിൽ സ്കൂൾപാഠപുസ്തകക്കമ്മറ്റിക്കാരുടെ സഹായംകൊണ്ടു മാത്രമല്ലാതെ പുതിയ പുസ്തകങ്ങൾ വായിക്കുന്നതിലുള്ള രുചികൊണ്ടു ജനങ്ങൾ വിലകൊടുത്തു വാങ്ങീട്ടല്ലെന്നാണ് ജനശ്രുതി. എന്റെ അ

നുഭവത്തിലും കടംവാങ്ങി വായിക്കുന്നവരായിട്ടാണ് അധികം ആളുകളെ കണ്ടിട്ടുള്ളത്. വളരെ ഖ്യാതിസമ്പാദിച്ചിട്ടുള്ള ചില പുസ്തകങ്ങൾക്ക് ഈ ദുർദ്ദശ വന്നിട്ടില്ലായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നുണ്ട്. എങ്കിലും

“ആപരിതോഷാദ്വിദുഷാം
ന സാധു മന്യേ പ്രയോഗവിജ്ഞാനം
ബലവദപി ശിക്ഷിതാനാ-
മാത്മന്യപ്രത്യയം ചേതഃ”

അങ്ങിനെ സുഷുപ്ത്യവസ്ഥയിൽ ഇരിക്കുമ്പോൾ ‘ലക്ഷ്മീഭായി’ മാസികയുടെ ഗ്രന്ഥാവലിയിൽ ‘അമ്മായിപഞ്ചതന്ത്രം’ ചേർത്താൽ കൊള്ളാമെന്ന് ആ മാസികയുടെ ഉടമസ്ഥൻ വെള്ളാസ്സൂൽ നാരായണമേനോനവർകൾ ആവശ്യപ്പെടുകയും അതിനെ സ്വീകരിച്ച് ‘അമ്മായിപഞ്ചതന്ത്ര’ത്തിനെ പ്രത്യേകം ഒരു പുസ്തകമായി പ്രസിദ്ധം ചെയ്വാനുള്ള അവകാശം ശാശ്വതമായി നാരായണമേനോനവർകൾക്കു ഞാൻ കൊടുക്കുകയും ചെയ്തു.

രസികരഞ്ജിനിയിൽ പ്രസിദ്ധംചെയ്തപ്രകാരം ‘അമ്മായിപഞ്ചതന്ത്രം’ വായിച്ചിട്ടുള്ളവരിൽ അനവധി ആളുകൾ അത് ആരെ ഉദ്ദേശിച്ചാണെന്ന് എന്നോടു നേരിട്ടു ചോദിച്ചിട്ടുള്ളതുകൊണ്ടും അതുപോലെ ഇനിയും പലർക്കും സംശയം ഉണ്ടായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടും ഈ ഘട്ടത്തിൽ, അപ്രകാരമുള്ള

ശങ്കക്കു ഒരു സമാധാനം പറയുന്നതു യുക്തമാണെന്നു തോന്നുന്നു. ഏതെങ്കിലും ഒരാളെ ഉദ്ദേശിച്ച് ഞാൻ എഴുതീട്ടുള്ളതല്ലെന്ന് ഇതാ സത്യമായി പറയുന്നു. 'അമ്മായിപഞ്ചതന്ത്ര'ത്തിലെ നായികയുടെ പാതിവ്രത്യഗുണവും അത്രയും ബുദ്ധിസാമർത്ഥ്യവും തനിക്കുണ്ടെന്നും അതുകൊണ്ടു തന്നെ ഉദ്ദേശിച്ച് എഴുതീട്ടുള്ളതാണെന്നും വല്ല അമ്മായിമാരും വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം ആത്മപ്രശംസയായി വരാനാണ് അധികം എളുപ്പം. ഈ ഗുണങ്ങളും ദുർഗ്ഗുണങ്ങളും തികഞ്ഞതായും ഈ മാതിരി മലയാളത്തറവാടു ഭിന്നിപ്പിച്ചതായും വല്ല അമ്മായിയും ലോകത്തിലുണ്ടെങ്കിൽ "തല പോയാലും ബലേ" എന്നു പണ്ടൊരു പട്ടർ പറഞ്ഞ കൂട്ടത്തിൽ ആ സ്ത്രീതന്നെയാണ് നായിക എന്ന് ഒരു നുണ പറവാൻ ഞാൻ തയ്യാറാണ്. എന്തുകൊണ്ടെന്നാൽ സൃഷ്ടിയിൽ ബ്രഹ്മാവിനോളം സാമർത്ഥ്യം കിട്ടുക എന്നുള്ളതു ചില്ലറയായിട്ടുള്ള ബഹുമതിയല്ലല്ലോ. ഇതിനെപ്പററി ഇത്രമാത്രമേ പറയുന്നുള്ളൂ.

മേല്പറഞ്ഞ നാരായണമേനോൻ അവർകളുടെ ആവശ്യപ്രകാരവും ഉടനെ മേല്പറഞ്ഞ ശങ്ക തീർക്കുന്നതിന്നമായിട്ടാണ് ഈ അവതാരിക എഴുതേണ്ടിവന്നത്. ആ കൂട്ടത്തിൽ ഒന്നാം തന്ത്രത്തിൽ വളരെ ഭേദഗതികൾ വരുത്തുകയും രണ്ടാം തന്ത്രത്തിൽ ഏതാനും ചില മാററങ്ങൾ വരുത്തുകയും കൂടി ചെയ്തിട്ടുണ്ട്.

എറണാകുളം
21. 7. 84.

കാരാട്ട് അച്യുതമേനോൻ
ബി. ഏ, ബി. എൽ.

UNIVERSITY

അമ്മായിപ്പഞ്ചതന്ത്രം

തന്ത്രപ്രവേശനം

"അമ്മായിഅമ്മയെ അമ്മിമേൽ വെച്ചിട്ടു
നല്ലോരു കല്ലോണ്ടു, നാരായണ".

എന്റെ തറവാട്ടിൽ കുട്ടിതൊട്ടു കുമ്പിട്ടുനടക്കുന്ന മുത്തുമുത്തശ്ശിവരെ നിരന്തരഗാനം ചെയ്തുവരുന്ന സാമവചനമാണു് മേൽ കൊടുത്തിട്ടുള്ളതു്. വാക്കുകളുടെ വക്കും മൂക്കും മാത്രം പറഞ്ഞു പ്രലപിക്കുന്ന പച്ചക്കുട്ടികളുംകൂടി സ്വരപ്പിഴവരാതെ പാടിക്കൊണ്ടു നടക്കത്തക്കവണ്ണം സട്ടിഫിക്കേററു സമ്പാദിച്ച അമ്മായിഅമ്മ ഏതാണെന്നു് ഇനിയും സംശയം തീരാത്തവരനവധിയുണ്ടു്. എന്റെ തറവാട്ടു കുട്ടിച്ചോരായത്തു മരുമക്കത്തായത്തിനു സ്വതസ്സിദ്ധമായ കേടുകൊണ്ടാണെന്നു അച്ചിക്കൊതിയന്മാരായ ചിലരും അമ്മാമനും പറയുന്നുണ്ടു്.

"സഖ്യവും വിവാഹവും വ്യവഹാരവും തനി-
ക്കൊക്കുമൊട്ടാഭിജാത്യമെന്നവരോടുവേണം"

എന്നു പറഞ്ഞു് എന്റെ വീട്ടിലെ ചില കുട്ടികളുടെ നേരെ കടക്കണ്ണെറിയുന്നവരുമില്ലെന്നില്ല. അനന്തിരവന്മാരെ ആശാരിക്കോൽക്കു് അഞ്ചുകോൽ ദൂരത്തു നി

ത്തി കരിമുഖംമാത്രം കാണിക്കുന്നതുകൊണ്ടാണെന്ന് അനന്തിരവന്മാർ മിക്കവരും പറയുന്നുണ്ട്. "പള്ളിയിലെ കാര്യം അള്ളാനറിയാം" എന്നു പറയുന്ന കൂട്ടത്തിൽ എൻെറ തറവാട്ടിൽ ഭദ്രം വീഴാനുള്ള കാരണം അമ്മായിപഞ്ചതന്ത്രത്തിൻേറയും തലേണ്ണമന്ത്രത്തിൻേറയും ഉള്ളിൽ ലയിച്ചിരിക്കുന്നതാണെന്ന് എനിക്കും അമ്മായിഅമ്മയ്ക്കും മാത്രമേ അറിയാവൂ.

മേൽപറഞ്ഞ ശ്രുതിവാക്യം അധികം 'നെട്ടരു' ചെയ്യാത്തവൻ ഞാൻ മാത്രമേയുള്ളൂ. ഇതിനുള്ള കാരണം അമ്മാമൻെറ പുത്രിയും സാക്ഷാൽ കാളിയുമായ 'മദ്ദള'ത്തിനെ അമ്മായിഅമ്മ എൻെറ കഴുത്തിൽ കെട്ടിത്തൂക്കിയതുകൊണ്ടാണെന്നു വീട്ടിലുള്ളവർ പറയുന്നുണ്ട്. എൻെറ ഭാര്യയ്ക്കു 'മദ്ദള'മെന്ന അരുമപ്പേർ ഞാൻ കൊടുത്തിട്ടുള്ളത് ആകൃതികൊണ്ടു മാത്രമല്ല. "യാവന്മുഖഗതം പിണ്ഡം താവന്മധുരഭാഷണം" എന്നുള്ള വൃത്തിസാദൃശ്യംകൂടിയുണ്ട്. അമ്മായിഅമ്മയുടെ മധുരവാക്കിലും പലഹാരത്തിലും പെട്ടു മയങ്ങിട്ടാണെന്നും കിംവദന്തിയുണ്ട്. "അവൻെറ കുപ്പായത്തിനും പാപ്പാസിനും കാശുതട്ടിക്കാൻ കരുക്കൻെറ കൌശലമാണ്" എന്നു കൃഷ്ണച്ചേട്ടനും പറയുന്നുണ്ട്. ഇങ്ങിനെ ഓരോരുത്തർ പറയുന്നതിനെ ഞാൻ സമ്മതിക്കുന്നില്ല. എല്ലാവരുംകൂടി പറയുന്നതിനെ നിഷേധിക്കുന്നതുമില്ല. എന്നാൽ ഒന്നുമാത്രം പറയാം. എൻെറ മദ്ദളം 'ശുദ്ധമദ്ദള'മാണ്.

പ്രധാനമായ മിക്ക സംഭവങ്ങൾക്കും ഹേതുവായി തിരശ്ശീലയ്ക്കപ്പുറമെങ്കിലുമൊരു പെണ്ണുണ്ടാകുമെന്നുള്ളതു വിശ്വസിച്ചു പ്രവൃത്തിച്ചാൽ വളരെ പിഴയ്ക്കില്ല. എന്റെ തറവാട്ടിന്റെ കഷ്ടാവസ്ഥയ്ക്കുള്ള കാരണത്തെ സംബന്ധിച്ചു ഞാൻ ചെയ്ത അന്വേഷണത്തിൽ എനിക്കു ശരിയായി വഴികാണിച്ചുതന്നിട്ടുള്ളതും ഈ വിശ്വാസമാണെന്നു നിസ്സംശയം പറയാം. ഈ അന്വേഷണത്തിന്റെ ഫലപ്രാപ്തിയാണ് അമ്മായിഅമ്മയുടെ അഞ്ചുതന്ത്രങ്ങളും ഒരു മന്ത്രവും. "ആറു കണ്ണിൽ പുക്കാൽ മന്ത്രവും ഭേദിച്ചീടു"മെന്ന പ്രമാണമുള്ളവസ്ഥക്കു ആറുകണ്ണു കാണത്തക്കവണ്ണം അച്ചടിച്ച് ആ മന്ത്രത്തിനെ വെളിപ്പെടുത്താൻ ഞാൻ വിചാരിക്കുന്നില്ല. അഞ്ചു തന്ത്രങ്ങളുടേയും പേരടങ്ങിയ ഒരു ശ്ലോകം താഴെ ചേർക്കുന്നു:—

"മയക്കം മറിമായഞ്ച മോഷണം നാരദക്രിയാ
അഞ്ചാം പുരസ്ത്രീവാരമഞ്ചുണ്ടിങ്ങിനെ തന്ത്രവും"

അ. പ

ഒന്നാംതന്ത്രം

മയക്കം.

"കുസുമസുകുമാരദേഹാ
വജ്രശിലാകഠിനഹൃദയസൽഭാവാഃ

ജനയന്തി കസ്യ നാന്ത-
ർവ്വിചിത്രചരിതാ സ്ത്രീയോ മോഹം.”

ക്ഷേ- കലാ- ൩- ൮.

അവീൻ, കഞ്ചാ, മുതലായ പദാൎത്ഥങ്ങളെ, ശീലിക്കാത്തവർ കഴിച്ചാലുണ്ടാകുന്ന തളൎച്ച എന്ന അൎത്ഥത്തിലാണ് സാധാരണയായി മയക്കമെന്ന പദം പ്രയോഗിച്ചുവരാറുള്ളത്. അങ്ങിനെ മയക്കുന്നത് ഒരുത്ഭുതവുമല്ല. സംഘപതിയായി കണ്ട വൃക്ഷങ്ങളെ നിരായാസേന തട്ടിത്തകൎത്തു നടക്കുന്ന കൊമ്പനെ നാട്ടയിലിട്ട് ആനക്കാരൻ പണിയെടുപ്പിക്കുന്നപോലെ നാട്ടിലുള്ളവരോടു ധാൎഷ്ട്യവും പരാക്രമവും കാണിച്ചു നടക്കുന്ന പുരുഷസിംഹൻ വീട്ടിലെത്തിയാൽ പട്ടിയെപ്പോലെ പരിഗ്രഹത്തിന്റെ പാദസേവ ചെയ്തു വരച്ച വര കടക്കാത്ത വിധം നടത്തേണമെങ്കിൽ ഏതാണ്ടൊരു തന്ത്രപ്രയോഗം വേണമെന്നാണ് തോന്നുന്നത്. ഇങ്ങിനെ ഭാൎയ്യയുടെ ചൊൽപടിക്കു ഭൎത്താവിനെ നടത്തുന്ന തന്ത്രമാണ് മയക്കം.

വീൎയ്യവൈരാഗ്യാദികളിലും, വിദ്യാവിഷയങ്ങളിലും, ദേശാന്തരങ്ങളിൽ കീൎത്തിസമ്പാദിച്ചിട്ടുള്ള കേരളപുരുഷന്മാരുടെ ബാഹ്യാന്തരസ്വഭാവങ്ങളുടെ മഹദന്തരം കണ്ടിട്ടോ എന്തോ കേരളകാമിനിമാർ വശ്യമന്ത്രങ്ങളും വശ്യൌഷധങ്ങളും പ്രയോഗിക്കുന്നവരാണെന്നു പരദേശികൾ ഇന്നും വിശ്വസിച്ചുവരുന്നുണ്ട്. ഈ ഒരു

വിഖ്യാതികൊണ്ടാണ് ഇക്കാൎയ്യത്തിൻെറ സൂക്ഷ്മത്തോളം അന്വേഷിക്കാൻ എനിക്കുന്മേഷം ഉദിച്ചത്.

ഞാൻ അറിഞ്ഞേടത്തോളം പറയുന്നതാണെങ്കിൽ ഈ പ്രയോഗം മന്ത്രം ചൊല്ലിയോ മരുന്നുണ്ണിച്ചിട്ടോ അല്ല. കേരളസ്ത്രീകളുടെ സ്വകാൎയ്യസ്വത്തുമല്ല. കുലപത്നികഠം ആചരിക്കേണ്ടവയാണെന്നു നീതിശാസ്ത്രങ്ങളിൽ ഘോഷിച്ചിട്ടുള്ള ഷഠകൎമ്മങ്ങളുടെ ആന്തരതത്വങ്ങളെ അവലംബിച്ചുനില്ക്കുന്ന ഒരു [illegible]മായിട്ടാണ് കാണുന്നത്. സ്ത്രീകഠക്കു പുരുഷന്മാരെ മയക്കുന്നതിന്നുമാത്രമല്ല പാസ്സിപ്പാത്ത ചില പുരുഷന്മാൎക്ക് വലിയ സൎക്കാരുദ്യോഗം കിട്ടാൻകൂടി ഈ തന്ത്രത്തിൻെറ ചില അടവുകഠ നല്ല ഗുളികകളായി കണ്ടിട്ടുണ്ട്.

പ്രാചീനന്മാരുടെ ആറു വിധികളും അതുകളിൽ സ്വബുദ്ധികൊണ്ട് അമ്മായിഅമ്മ ഏൎപ്പെടുത്തിട്ടുള്ള പരിഷ്കാരങ്ങളും അവരുടെ പ്രയോഗസാമൎത്ഥ്യങ്ങളും വെളിവായി പറയാം.

"കാൎയ്യേഷു മന്ത്രീ കരണേഷുദാസീ
രൂപേഷു ലക്ഷ്മീ ക്ഷമയാ ധരിത്രീ
സ്നേഹേഷു മാതാ ശയനേഷു വേശ്യാ
ഷഠകൎമ്മയുക്താ കുലധൎമ്മപത്നീ."

1. കാൎയ്യേഷുമന്ത്രീ– കാൎയ്യാലോചനയിൽ രാജാവിന്നു മന്ത്രി ഏതുപ്രകാരമോ അപ്രകാരമായി ഭൎത്താവി

ന്നു ഭാൎയ്യയുമിരിക്കേണമെന്നാണ് പൂൎവ്വവിധി. എല്ലാ വിദ്യയും ഗുരുമുഖേന സമ്പാദിക്കേണ്ടതാണെന്നും അല്ലെങ്കിൽ എടുത്തു പ്രയോഗിക്കേണ്ട ദിക്കിൽ നൈപുണ്യം കുറഞ്ഞുപോകുമെന്നുള്ളതിന്നു ഈ പ്രയോഗത്തെ ഒരു ഉദാഹരണമായി അമ്മായിഅമ്മ ചിലപ്പോൾ പറയാറുണ്ട്. ഈ പ്രയോഗത്തിൽ ആശാത്തിയായിവരിക്കാവുന്ന എന്റെ അമ്മായിഅമ്മയുടെ അഭിപ്രായം ഭൎത്താവിന്റെ കാൎയ്യാലോചനകളിൽ മന്ത്രിയെപ്പോലെ പ്രവൃത്തിക്ക എന്നുള്ളതു പെൺകിടാങ്ങൾ ഒരിക്കലും നവോഢയായിരിക്കുന്ന കാലങ്ങളിൽ ചെയ്വാൻ തുനിയരുത് എന്നാണ്. സംബന്ധത്തിന്നു സാമാന്യം കാലപ്പഴക്കം വന്നു, "നാൎശ്നീയാൽ ഭാൎയ്യയാ സാൎദ്ധ"മെന്നുള്ള വിധിയെ നിരസിച്ച് "ഇഷ്ടജനൈസ്സഹഭുക്തം ഭുക്ത"മെന്നുള്ളതിനെ സ്വീകരിച്ച് 'ഇംഗ്ലീഷാ'യിട്ടുണ്ണാനും പലരും കാണ്കെ ഒന്നിച്ചിരിക്കാനും മററും തുടങ്ങി രണ്ടു കുട്ടികളുമുണ്ടായതിന്നുശേഷമേ പാടുള്ളു. "കാൎയ്യേഷു മന്ത്രി" എന്നുള്ള അടവിന്ന് ഇത്രത്തോളം വ്യാഖ്യാനം സാമാന്യം പരിചയമുള്ള ഗുരുമുഖേന കിട്ടുന്നതാണ്. എല്ലാ വിദ്യയിലും "പാഠം ശിഷ്യസ്വാമേധയാ" എന്നുണ്ടല്ലൊ. ആ കൂട്ടത്തിൽ അമ്മായിഅമ്മ തന്നെത്താൻ ആലോചിച്ച് ഇക്കാൎയ്യത്തിൽ ഒരു പരിഷ്കാരം ഏൎപ്പെടുത്തീട്ടുണ്ട്. അതെന്തെന്നു പറയാം. ഭൎത്താവിനോളം വിദ്യാഭ്യാസം ഭാൎയ്യക്കില്ലാത്തതായ ഇക്കാലത്തു ഭാൎയ്യ പറയുന്നതു കാൎയ്യമായാലും ഭൎത്താവ്

അതിനത്ര വിലവെക്കാൻ വഴിയില്ലാത്തതിനാലും അവനവന്റെ ബുദ്ധിസാമത്ഥ്യംകൊണ്ടു കണ്ടുപിടിച്ചു എന്നു വരുന്നതു പ്രായേണ മനുഷ്യൎക്കു രസകരമായിട്ടുള്ളതുകൊണ്ടും സന്ദൎഭങ്ങളേയും സംഭവങ്ങളേയും തഞ്ചത്തിൽ തിരിച്ചു താൻ ഒന്നും പറയാതെ ഭൎത്താവിനെക്കൊണ്ടു താൻ വിചാരിച്ചപോലെ ചെയ്യിച്ചാലേ ഒരു വിദ്ധ്യയായുള്ളു.' തനിക്കു വല്ല അഭിപ്രായവുമുണ്ടെന്നു ഭൎത്താവിനെ ഗ്രഹിപ്പിക്കരുതെന്നു മാത്രമല്ല തനിക്കു യാതൊരഭിപ്രായവുമില്ലെന്നും ഭൎത്താവ് എന്തിന്ന് ചെയ്താലും തനിക്കു സന്തോഷമാണെന്നും കഴിയുന്നതും ഭാവംകൊണ്ടു ധരിപ്പിക്കുകയും വേണം. ഇതെങ്ങിനെയാണ് പ്രവൎത്തിക്കുക എന്നുള്ള ശങ്ക, അമ്മായിഅമ്മയുടെ മറിമായപ്രയോഗം സൂക്ഷ്മമായി പരിശോധിച്ചാൽ തീൎന്നുപോകും.

൨. കരണേഷു ദാസീ — ഭൎത്താവിന്നു വേണ്ടുന്ന പ്രവൃത്തികൾ ചെയ്യുന്നതിൽ പണിപ്പെണ്ണിനെപ്പോലെ ആചരിക്കണമെന്നാണ് ഈ അടവിന്റെ സാരാംശം. കുളിച്ചുതൊഴുവാൻ ദൂരത്തുള്ള ക്ഷേത്രങ്ങളിലേക്കു മെയ്യാഭരണങ്ങളും കസവുവസ്ത്രങ്ങളും ധരിച്ചുകൊണ്ടു പോകുന്നതിന്നോ ക്ഷേത്രത്തിൽ പോയി ദേവനെ തൊഴുമ്പോൾ തന്റെ തരക്കാർ അണിഞ്ഞിരിക്കുന്ന ആഭരണങ്ങളേയോ ഉടുത്തിരിക്കുന്ന വസ്ത്രങ്ങളേയോ കാട്ടുകണ്ണിട്ടു നോക്കി മനസ്സിലാക്കുന്നതിന്നോ വിരോധമില്ല. വീട്ടിന്നുള്ളിൽ വന്നാൽ റോട്ടിൽ നടന്ന അന്നന്ന

ടയും ആനനടയും തലയെടുപ്പും മന്മഥനെ കൂടി മയ
ക്കുന്ന മന്ദഹാസവും വിട്ട് ഇട്ടിച്ചിരി ചെയ്യുന്ന മാതിരി
യിൽ പണിയെടുക്കണം. എടുക്കുന്നതിലധികം പ
ണിയെടുക്കുന്നുണ്ടെന്നു നടിക്കണം. സങ്കടം പറകയു
മരുത്. താനെടുക്കുന്ന പണികളെല്ലാം ഭർത്താവിനെ
അറിയിക്കണം. അസാദ്ധ്യമായോ അതിശയമായോ വ
ല്ലതും ചെയ്തിട്ടുണ്ടെങ്കിൽ ആയതുമാത്രം അന്യമുഖേ
ന ഭർത്താവറിയാനിടവരുത്തണം. പണിയെടുക്കുന്ന
കാര്യത്തിൽ അമ്മായിഅമ്മയ്ക്കു് അമ്മാമന്റെ സംബ
ന്ധത്തിന്നുശേഷം പ്രത്യേകാഭ്യാസം വേണ്ടിവന്നിട്ടില്ല.
"ജന്മനാ ജായതേ ദാസീ കർമ്മണാ ക്രിയതേ പ്രിയാ"
എന്നാണ് അമ്മായിഅമ്മയ്ക്കുള്ള ശരിയായ മനസ്സ്ഥിതി.
പ്രായം തികഞ്ഞതിന്നു ശേഷം ഗ്രാമത്തിൽ അടിച്ചുത
ളിക്കാൻ പോയതിൽ കുനപ്പട്ടർ സംബന്ധമായി. പ
റങ്ങോടൻ എന്നൊരു പുത്രൻ ജനിച്ചു. പെററണീക്കു
ന്നതിന്നുമുമ്പു പട്ടരും ചത്തു. അതിൽപിന്നെയാണ്
എന്റെ വീട്ടിൽ അടിച്ചുതളിക്കാൻ വന്നതും ചാരിത്ര
ശുദ്ധിയെ മാത്രം നോക്കി അമ്മാമൻ ക്ലാസുകയററം
കൊടുത്തതും. ചൂലിനെ തലയ്ക്കു വെച്ചു എന്നും മററും
ആക്ഷേപിച്ചിട്ടുള്ള സ്നേഹിതന്മാരോടും "എന്റെ മ
കൾക്ക് എന്താ കുറവ്?" എന്നു ചോദിച്ചിട്ടുള്ള സ്ത്രീക
ളോടും "ചാരിത്രം ഹി സ്ത്രീയോ രൂപം" എന്നുമാത്രം
അമ്മാമൻ മറുപടി പറഞ്ഞു കഴിച്ചുകൂട്ടി. കഴുത കുതി
രയായതിൽ നാട്ടുകാരുടെ പുതുമ കാലപ്പഴക്കംകൊണ്ടു

മറഞ്ഞുപോയി. പിന്നെ "ഉൎവ്വശീശാപമുപകാരം"മായി വന്ന കൂട്ടത്തിൽ അമ്മായിഅമ്മയുടെ രാജപദവിയിൽ കഴുതപിറവി ഉപകാരമായിട്ടും തീൎന്നു.

൩. രൂപേഷു ലക്ഷ്മീ — രൂപത്തിൽ മഹാലക്ഷ്മിയെപ്പോലെ ആചരിക്കണം. സൃഷ്ടിച്ച മണ്ണിൽ മഷി കൂടിപ്പോയാൽ മഹാലക്ഷ്മിയെപ്പോലെ ഇരിക്കാൻ പ്രയാസമാണെന്നു ചിലരൊക്കെ ധരിച്ചിട്ടുണ്ട്. ഒരു പ്രയാസവുമില്ല. തലമുടിയില്ലെങ്കിൽ കരുംകുതിരവാലൊ ചമരിവാലൊ വാങ്ങിക്കെട്ടി പുഷ്ടിവരുത്താം. നിറം നന്നല്ലെങ്കിൽ മുഖത്തുമാത്രം പൊടിപ്രയോഗം ചെയ്തു ബാക്കി ശരീരം പട്ടു റവിക്കികൊണ്ടൊ പുതിയപരിഷ്കാരപ്രകാരമുള്ള പാവാടക്കുപ്പായംകൊണ്ടൊ ആവരണം ചെയ്യാം. കൊന്ത്രംപല്ലാണെങ്കിൽ തട്ടിക്കളഞ്ഞു നല്ല പല്ലു വാങ്ങി വെക്കാം. തന്റെ നിറത്തിന്നു ചേൎന്ന കല്ലുവെച്ചിട്ടുള്ള ആഭരണം വാങ്ങാം. ആ ദുഷ്ടബ്രഹ്മാവിന്നു ഹൃദയവും വിഗ്രഹവും ബ്ലാക്ക് വാൎണ്ണീഷു കൂട്ടി സൃഷ്ടിക്കാൻമാത്രമേ ശ്രദ്ധയുള്ളു. അങ്ങിനെയുള്ള തന്റെ സൃഷ്ടികൾ തന്നെ ചിരിച്ചുതോല്പിക്കുമെന്ന് അദ്ദേഹം അത്ര ആലോചിച്ചിട്ടില്ലായിരിക്കാം. അതുകൊണ്ടു തന്നോടു സംഭാഷണം ചെയ്യുന്നവരുടെ ശ്രദ്ധ ചിന്നിച്ചിതറാതെ വിസ്മയത്തിൽ നിൎത്താം. വെള്ളത്തേടന്നു രണ്ടുറുപ്പിക അധികം കൊടുത്താലും വസ്ത്രം മുഷിയാതെ എത്തിക്കണം. ഇങ്ങിനെയെല്ലാം മോടിപിടിപ്പിച്ചാൽ 'മട്ടള'ത്തിന്നുംകൂടി കോമളാകൃതി വരുത്താമെന്നാണ് അമ്മായിഅമ്മയുടെ അഭിപ്രായം.

൪. ക്ഷമയാ ധരിത്രീ — ദയാലേശമില്ലാത്ത വിധം തന്നെ ഉപദ്രവിക്കുന്നവൎക്കുകൂടി ഫലദാനത്തിന്ന് ഒരുമ്പെട്ടിരിക്കുന്ന ഭൂമീദേവിയെപ്പോലെ ക്ഷമ വേണമെന്നാണ് ഇതിന്റെ താല്പൎയ്യം. അശക്തന്മാൎക്ക പരോപദേശം കൂടാതെ ഉണ്ടാകുന്നതും ശക്തന്മാൎക്ക ശത്രോപദേശമുണ്ടായാലും ഉണ്ടാകാത്തതുമാണ് ഈ ഗുണം. അഭ്യുദയത്തിന്റെ വേലിയേറ്റത്തിൽ അഭ്യാസൂയകൊണ്ടു വേരൂന്നിത്തഴച്ചു നില്ക്കുന്ന ക്ഷമകൂടി പുഴങ്ങിവീഴാതെ നില്ക്കുന്നതു "കസ്യ ചിത്തു മഹാത്മനഃ". മേൽപുറത്തു കപ്പലോടിക്കുന്ന നാട്ടുകാൎക്കും പാറ കാണുന്നതുവരെ ചേറുകത്തിപ്പോകുന്ന വീട്ടുകാൎക്കും അമ്മായിഅമ്മക്കു ക്ഷമയുണ്ടെന്നുതന്നെയാണഭിപ്രായം. സിംഹം പുലി പശു പന്നി കഴുത പെരുച്ചാഴി കാക്ക പൂങ്കോഴി മയിൽ പാമ്പു പഴുതാര നീൎക്കോലി പട്ടി കട്ടുറുമ്പു മുതലായ സകല ചരങ്ങളേയും ഒരുമിച്ചു ചേൎത്തി ഒതുങ്ങാത്ത ഒരു പാത്രത്തിലിട്ടടച്ചപോലെയുള്ള മരുമക്കത്തായ തറവാട്ടിൽ അഭിന്നാഭിപ്രായം ഏതെങ്കിലുമൊരു കാൎയ്യത്തിൽ സമ്പാദിക്കേണമെങ്കിൽ അസാമാന്യസാമൎത്ഥ്യം വേണം. അമ്മായിമാൎക്ക വിശേഷിച്ചും വേണം. വാല്പുകൊണ്ടു തന്നെ വല്ലവരും ഉപദ്രവിച്ചാൽ ഉറക്കത്തിൽകൂടി മറക്കാത്ത സ്വഭാവമുള്ള പുന്റെ അമ്മായിഅമ്മക്കു എത്ര മിടുക്കുണ്ടെന്ന് ആരെങ്കിലും ത്രൈരാശികംചെയ്തു നോക്കിക്കൊള്ളട്ടെ. അമ്മായിഅമ്മക്കു കറയുള്ളതു പ്രതിവിധികൊള്ളു

മ്പോൾ ശത്രുവിന്നുമാത്രം അറിയാമെന്നല്ലാതെ മററാരും ഒരു കാലത്തും അറിയില്ല. ഉള്ളിലുള്ള ക്ഷോഭം എത്രയെങ്കിലും അടക്കിവെക്കാൻ അമ്മായിഅമ്മക്കു ശക്തിയുണ്ട്. മുഖത്തുണ്ടാകുന്ന രക്തക്ഷോഭത്തെ നിശ്ശേഷം മറയ്ക്കുന്നതിന്നു ചർമ്മാസപച്ഛത സഹായമായും തീൎന്നിട്ടുണ്ട്.

അമ്മായിഅമ്മയുടെ ക്ഷമാബലം പറങ്ങോടന്റെ കാൎയ്യത്തിൽ ദിനന്തോറും പ്രത്യക്ഷപ്പെടുന്നുണ്ട്. അവരുടെ ഈ സന്തതിക്ക് അമ്മാമന്റെ കണക്കായി വേണ്ടതിന്നും വേണ്ടാത്തതിന്നും ചെയ്ത കുററത്തിന്നും ചെയ്യാൻപോകുന്ന കുററത്തിന്നും വേറെ ആരെങ്കിലും ചെയ്ത കുററത്തിന്നും മുട്ടാതെ പ്രഹരവും, വീട്ടിലുള്ള സ്ത്രീകളുടെ വകയായി തരം കിട്ടുമ്പോഴൊക്കെയും തലക്കു ചൊട്ടും കിട്ടിവരുന്നുണ്ട്. ഇതിനെല്ലാം പുത്രനെ വിളിച്ചു നല്ല വാക്കു പറയുന്നതല്ലാതെ ആരോടും ലവലേശം പരിഭവം കാണിക്കാറില്ല. ഒരിക്കൽ അൎദ്ധരാത്രി സമയത്തു പറങ്ങോടൻ ഗാഢനിദ്രയിലിരിക്കുമ്പോൾ വിളിച്ചുണൎത്തി അമ്മാമൻ പ്രഹരിച്ചിട്ടുണ്ട്. അതിനുശേഷം അവൻ മുകളിൽ കിടക്കാൻ പോകാറില്ല എന്നല്ലാതെ അമ്മായിഅമ്മ അതിന്നും മിണ്ടീട്ടില്ലെന്നാണ് ജനസംബോദ്ധ്യം.

൭. സ്നേഹേഷു മാതാ - ഭൎത്താവിനെ സ്നേഹിക്കുന്നതിൽ പെററ അമ്മയെപ്പോലെ ആചരിക്കേണമെന്നാണിതിലുള്ള താല്പൎയ്യം. അമ്മായിഅമ്മക്കു അമ്മാമ

ൻെറ പരിഗ്രഹപദവി ലഭിച്ചതിന്നുശേഷം ഒരു ദിവസമെങ്കിലും അദ്ദേഹത്തിൻെറ ഊണിന്നൊ തേച്ചുകുളിക്കോ സമയം തെററിട്ടില്ല. അദ്ദേഹത്തിന്നു മസൂരിദീനമുണ്ടായതിൽനിന്നു ജീവിച്ചുവന്നതു അമ്മായിഅമ്മയുടെ ശുശ്രൂഷകൊണ്ടാണെന്നു പരബോദ്ധ്യമാണ്. അമ്മായിഅമ്മക്കു മസൂരിദീനം ഉണ്ടായിട്ടില്ലാതിരിക്കെ നിൎഭയമായി രാവും പകലും തൊട്ടിരുന്നു ശുശ്രൂഷചെയ്തതിനെപ്പററി വല്ലവരും യഥാസംഗതിയായി പറഞ്ഞാൽ തൽക്ഷണം അമ്മാമൻെറ നേത്രങ്ങളിൽനിന്നു അശ്രുക്കൾ ഒഴുകുന്നതുകാണാം. ഒരു ദിവസം അമ്മാമൻ മുകളിൽ കിടന്നുറങ്ങുമ്പോൾ അമ്മായിഅമ്മയും മററു സ്ത്രീകളുംകൂടി അത്താഴത്തിന്നിരിക്കയായിരുന്നു. (പുതിയ പരിഷ്കാരം വന്നതിനു ശേഷമേ ഒപ്പം ഉണ്ണുന്നതും മുമ്പിലുണ്ണുന്നതും നടപ്പായിട്ടുള്ളു) നാട്ടിലുള്ളവരുടെ ഗുണദോഷങ്ങളും പറഞ്ഞു ഉണ്ടുകൊണ്ടിരിക്കുന്ന മദ്ധ്യേ അതിഘോരമായി ഒരു കാററും മഴയും വന്നു. കാററിൻെറ ശക്തികൊണ്ടു മഴത്തുള്ളികൾ അകത്തു കടന്നു അമ്മാമനു ജലദോഷം പിടിച്ചാലോ എന്നു പറഞ്ഞു ഉടനെ ചെന്നു അമ്മാമൻ ഉണരാതെ ജനൽവാതിലുകൾ അടച്ചു തിരിയെ വന്നു ഊണ് മുഴുവനാക്കി. രാത്രി മഴയുണ്ടായ വൎത്തമാനം, അമ്മാമൻ ഉണൎന്നപ്പോൾ ജനലടച്ചതാരെന്നു ചോദിച്ചതിൽ അറിവു കിട്ടീ. ഇങ്ങിനെ വേണ്ടുന്ന കാൎയ്യങ്ങളിലെല്ലാം സ്നേഹമുള്ളവർ ചെയ്തുവരുന്ന പ്രവൃത്തികൾ നടന്നുവരുന്നതുകൊ

ണ്ടു അമ്മായിഅമ്മക്കു വാസ്തവത്തിൽ സ്നേഹമുണ്ടോ എന്നന്വേഷിക്കുന്നതു അനാവശ്യമാണെന്നു കരുതി ഞാൻ അന്വേഷിച്ചിട്ടില്ല. ഒരു ദിവസം പ്ലാശേരിയിലെ പാറുകുട്ടിയമ്മ ഞങ്ങളുടെ വീട്ടിൽ വന്നു. അവരെ സൽക്കരിക്കുന്നതിന്നു അമ്മായിഅമ്മ വെററിലച്ചെല്ലം എടുത്തപ്പോൾ അതു ശബ്ദപ്പെട്ടു. അമ്മാമൻ ചതുരംഗം വെക്കുന്നതിന്നിടയിൽ ചെല്ലപ്പെട്ടിയുടെ ശബ്ദം കേട്ടപ്പോൾ "എത്ര നേരമായൊന്നമറുക്കീട്ട്!" എന്നു ചതുരംഗക്കളിയിൽനിന്നു കണ്ണെടുക്കാതെ പറഞ്ഞു. 'അതിന്നുതന്നെയാണ് ചെല്ലമെടുത്തത്' എന്നമ്മായിഅമ്മ പറുപടി പറയുന്നതു ഞാൻ കേട്ടു. ഒരു ദിവസം ഏകാദശിയായതുകൊണ്ട് അമ്മായിഅമ്മ വളരെ വിശപ്പോടുകൂടി കുളിച്ചു അടുക്കളയിൽ ചെന്നപ്പോൾ ഊണ് തയ്യാറായിരുന്നില്ല. തന്റെ ക്ഷുത്തടക്കുന്നതിന്നു അനുസാരം കാപ്പിയുണ്ടാക്കി. ചൂടാറുന്നതിന്നു മുമ്പു അമ്മാമനും കുളിച്ചുവന്നു. ഉടനെതന്നെ കാപ്പി അമ്മാമന്നു കൊണ്ടുപോയികൊടുത്തു "ഊണിന്നപ്പോൾ കാലാക്കാം അരി തിളച്ചുപോയി" എന്നു പറഞ്ഞു മറെറാന്നും പറയാതെ തിരിയെ അടുക്കളയ്ക്കെത്തി. "അമ്മയെപ്പോലെ സ്നേഹം ആൎക്കുമുണ്ടാകില്ലെന്നു പറയുന്നതു വെറുതെ. ആ കിഴട്ടുതള്ളസ്ത്രീ ആലോചനയോ ശ്രദ്ധയോ എത്തീല്ലല്ലൊ" എന്നു കീഴ്സ്വരത്തിൽ പിറുപിറുത്തു അമ്മാമൻ മുകളിലേക്കു പോകയും ചെയ്തു. മേൽ പറഞ്ഞ രണ്ടു സംഭവങ്ങൾ ഞാൻ യത്നിക്കാതെ എന്റെ ദൃഷ്ടിയിൽ പെട്ടതാണ.

6. ശയനേഷുവേശ്യാ--കിടപ്പിന്റെ വട്ടം തേവടിമട്ടായിരിക്കണം. സന്ധ്യകഴിഞ്ഞാൽ അകത്തു മട്ടിപ്പാലൊ ചന്ദനത്തിരിയൊ പുകച്ചു ചുളുക്കില്ലാതെ ധൂളിമെത്ത വിരിച്ചു മുറുക്കി മേൽകഴുകി മുഖം മിനുക്കി തല ചീന്തി പൂച്ചൂടി പൊട്ടുതൊട്ടു വില്ലുതേച്ച് . . ശേഷം മഹത്ഭിശ്ചിന്ത്യം.

ഒന്നാംതന്ത്രം സമാപ്തം.

രണ്ടാംതന്ത്രം

മറിമായം

സംസാരചിത്രമായാം
ശംബരമായാം വിചിത്രമായാഞ്ച
യോ ജാനാതി ജിതാത്മാ
സോപി ന ജാനാതി യോഷിതാം മായാം.

ക്ഷേ. കലാ 3_ 7

തറവാട്ടുകാര്യത്തെപ്പറ്റി എന്നു മാത്രമല്ല തറവാട്ടുകാരെപ്പറ്റി യാതൊന്നും ഭർത്താവിനോടു പറയാതെ കഴിച്ചുകൂട്ടേണമെന്നാണ് അമ്മായിഅമ്മയുടെ ദൃഢനിശ്ചയം. ഇതു മനസ്സിലാക്കുന്നതിനു മുമ്പു കുടുംബഭരണസംബന്ധമായി പലതും ഭാര്യയോടു അമ്മാമൻ സംസാരിച്ചതിനു ഒരു മൂളക്കംകൂടി കിട്ടാതെ കുണ്ഠിച്ചിട്ടുണ്ട്. ഒരിക്കൽ "അതൊക്കെ പുരുഷന്മാരുടെ കാര്യമാണ് എനിക്കതിനെപ്പറ്റി പറവാൻ അവകാശവും

ആഗ്രഹവുമില്ല" എന്ന് അമ്മായിഅമ്മ പറഞ്ഞതിന്നു ശേഷം അമ്മാമൻ ഒന്നും പറയാറില്ല. ആ വിഷയത്തെപ്പററി തൻെറ ഭാൎയ്യ തന്നോടൊന്നും പറയില്ലെന്നുള്ള ഭൎത്താവിൻെറ ബോദ്ധ്യത്തിനെ അസ്ഥിവാരമാക്കി കെട്ടി ഉയൎത്തിയതാണ് മറിമായമെന്ന മണിമാളിക.

സ്ഥലച്ചുരുക്കത്താൽ രണ്ടു ശെപ്പടിവിദ്യ മാത്രമെ ഇവിടെ പറയുന്നുള്ളു.

ഞങ്ങടെ നാലുകെട്ടും ശ്രാമ്പിയുംകൂടി യോജിപ്പിച്ച കയ്യാലയ്ക്കു തെക്കോട്ടൊരു വാതിലുണ്ട്. ഒരു ദിവസം സന്ധ്യനേരത്തു ദേഹപ്രക്ഷാളനത്തിന്നുള്ള സോപ്പു മുതലായ കോപ്പുകളെ ഒരു കയ്യിൽ പിടിച്ചും വേണ്ടപോലെ ദേഹം മറയ്ക്കുന്നതിന്നു മറെറ കൈകൊണ്ടു വാതിലിൽ പിടിച്ചും അമ്മായിഅമ്മ ആരോടൊ സംസാരിച്ചുകൊണ്ടുനില്ക്കുന്ന മദ്ധ്യേ യഥാസംഗതിയായി തിരിഞ്ഞുനോക്കിയപ്പോൾ അമ്മാമൻ പടിഞ്ഞാറെ പടിപ്പുരയുടെ നട ഇറങ്ങുന്നതു കണ്ടു. അമ്മായിഅമ്മ നോക്കിയത് അമ്മാമൻ കണ്ടതുമില്ല. അമ്മായിഅമ്മയുടെ ശിരഃകമ്പവും കയ്യിൽ സോപ്പും മററുമുള്ളതുകൊണ്ടു വ്യക്തമല്ലാത്ത കൈമുദ്രയും മാത്രമല്ലാതെ സാമാന്യം സമീപത്തെത്തുന്നതുവരെ സംസാരിക്കുന്നത് എന്താണെന്ന് അമ്മാമൻ കേട്ടില്ല. ഏകദേശം ഒരു ചോവൻ തീണ്ടപ്പാടു സമീപത്തെത്തിയപ്പോൾ "കൃഷികന്നലാക്കാനീന്യുത്രൊന്നും വേണ്ടന്നില്ല. വേണെങ്കിൽ കുറച്ചും ചോവൻ അദ്ദേഹം ഒഴിഞ്ഞുകൊടുക്കും. സൂത്രം

കൊണ്ടുചെന്നാലറിയാൻ മാത്രം അദ്ദേഹത്തിന്നു ബുദ്ധിയില്ലെന്നും വിചാരിക്കണ്ട" എന്ന് അമ്മായിഅമ്മ പറയുന്നതു കേട്ടു. ഇതു കേട്ടപ്പോൾ അമ്മാമൻ ശ്രാമ്പിയുടെ നട പകുതി കയറിയത് അവിടെ നിൎത്തി. പിന്നെ വല്ലതും പറയുന്നുണ്ടോ എന്നു ശ്രദ്ധവെച്ചു നിന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ "ഞാൻ ഇതുവരെ അദ്ദേഹത്തിനോടു തറവാട്ടുകാൎയ്യത്തെപ്പററിയോ തറവാട്ടിലുള്ളവരുടെ ഗുണദോഷത്തെപ്പററിയോ യാതൊന്നും പറഞ്ഞിട്ടില്ല. പറയാനിടവരുത്താതെ കഴിക്കേണമെന്നു ദൈവത്തിനോടു പ്രാൎത്ഥിക്കുന്നതുമുണ്ട്." പിന്നെയും കുറെ നേരം കഴിഞ്ഞപ്പോൾ "ആരും വേണന്നില്ല. അദ്ദേഹം സത്യവാനും ശുദ്ധനുമാണ്. വേണ്ടതു ചെയ്യാൻ ആരും പറഞ്ഞുകൊടുത്തില്ലെങ്കിലും ദൈവം അദ്ദേഹത്തിന്നു ശരിയായി തോന്നിക്കും" ഇങ്ങിനെയും കേട്ടു.

കൃഷ്ണച്ചേട്ടനു കൃഷി കിട്ടിയാൽകൊള്ളാമെന്നു തലേദിവസം പറഞ്ഞിട്ടുള്ള വിഷയമാണെന്നും മറവിൽ നില്ക്കുന്നാളുടെ അഭിപ്രായത്തിൽ അതിൽ ചില ദൂഷ്യങ്ങളുണ്ടെന്നും മറവിലുള്ളാൾ തനിക്കു വേണ്ടതക്കവനാണെന്നും എന്നാൽ നേരിട്ടു കാൎയ്യം സംസാരിപ്പാൻ മടിക്കുന്നവനാണെന്നും അമ്മാമനു മനസ്സിലായി. ഗുണദോഷത്തെപ്പററിയുള്ള ആലോചന ഇപ്പോൾതന്നെ അയാളുമായി നേരിട്ടു ചെയ്യാമെന്ന കൊതിയോടുകൂടി 'ആരാത്?' എന്നു ചോദിച്ചു.

അമ്മായിഅമ്മ — "ആരുല്ല. ഇവിടെ എപ്പ വന്നു?"

അമ്മാമൻ — "ഇതാ വന്നേ ഉള്ളു. ആരാത്?"

അമ്മായിഅമ്മ — "ആരുല്ല അതെ! .. മേൽ കഴുകാൻ പോരാം —"

അമ്മാമൻ — (ക്ഷമയില്ലാതെ) "ആരോടാ സംസാരിച്ചിരുന്നത്, പറയൂ".

അമ്മായിഅമ്മ — "ഇത്രോച്ച പൊങ്ങാനിപ്പെന്താ പറഞ്ഞത്?"

അമ്മാമനു ശുണ്ഠിമുഴുത്ത് ആരാണെന്നു നോക്കാൻ ബദ്ധപ്പെട്ടു ചെന്നു. അപ്പോഴെക്ക് —

അമ്മായിഅമ്മ — "പിന്നെ ഓ! ഇവിടുത്തെ ഒച്ച കേട്ടിട്ടു ചെന്നുചോദിക്കട്ടെ എന്നു വെച്ചിട്ടവിടെ നില്ക്കില്ലെ കുറെ?"

അമ്മാമൻ — "ചെന്നുനോക്കി ആരെയും കാണാതായപ്പോഴും ആരാണെന്നു പറയില്ലെ?"

അമ്മായിഅമ്മ — "ഇവിടെ വർത്തമാനം പറയേണ്ട നേരമല്ല ഇപ്പോൾ" എന്നു പറഞ്ഞുംകൊണ്ടു കുളത്തിലേക്കു പോയി. അമ്മാമൻ പിണങ്ങി മുകളിലേക്കും പോയി. പിററെ ദിവസം അമ്മാമൻെറ പ്രകൃതം മാറിക്കണ്ടു കൃഷ്ണച്ചേട്ടനു കൃഷി കുന്തമായി.

മറവിലാരുമില്ലെന്ന് അമ്മായിഅമ്മ പിന്നെയും പിന്നെയും പറഞ്ഞതിനെ വിശ്വസിക്കാതെ പിണങ്ങിപ്പോയത് അമ്മാമൻെറ പേരിൽ തെററാണ്. അമ്മായിഅമ്മ പറഞ്ഞതു പരമാർത്ഥമാണ്.

എൻെറ വീട്ടിൽ സാധാരണയായി രാത്രി പടി അടയ്ക്കുന്നതു വാലിയക്കാരനാണ്. ഒരിക്കൽ ശ്രീമ്മായി അമ്മ താൻതന്നെ പോയി പടിഞ്ഞാറെ പടിപ്പുരവാതിൽ അടയ്ക്കുന്നത് അമ്മാമൻ കണ്ടു. "വാലിയക്കാരടയ്ക്കില്ലെ" എന്ന് അമ്മാമൻ ചോദിച്ചതിന്ന് "എല്ലാ പണിയും മററുള്ളവർ ചെയ്യുന്നതിനേക്കാൾ താൻതന്നെ ചെയ്യുന്നതാണ് നല്ല"തെന്നു മറുപടി പറഞ്ഞതിൽ അമ്മാമൻ തൃപ്തിപ്പെട്ടു. പിന്നീടു രണ്ടുമൂന്നു ദിവസം കഴിഞ്ഞതിന്നു ശേഷം ത്രാമ്പിയുടെ മുകളിൽ വെച്ച് അമ്മാമൻ വീട്ടിലേക്കു വരുന്നതറിഞ്ഞു കൊച്ചു നാരായണി എന്ന എൻെറ മരുമകളോടു സംസർഗ്ഗം ചെയ്യരുതെന്ന് എൻെറ 'മട്ടള'ത്തിനോട് അമ്മായി അമ്മ ഗൌരവമായി ഉപദേശിച്ചു. "അമ്മ ഇങ്ങിനെ പറയുന്നതിന്നു കാരണമെന്താ"ണെന്നും മററും മകൾ കുറെ നേരം തർക്കിച്ചതിന്നു വളച്ചും തിരിച്ചും മറുപടി പറഞ്ഞതിനെ ആകെക്കൂട്ടി എടുത്തു നോക്കിയാൽ ആരോടും അത്ര താല്പര്യം അരുതെന്നും ചങ്ങാതിമാരെ കൊണ്ടാണ് നാട്ടുകാർ തൻെറ സ്വഭാവം ഊഹിക്കുക എന്നും മററും പൊതുവായ തത്വങ്ങളല്ലാതെ കൊച്ചു നാരായണിക്കു വല്ല ദൂഷ്യവും പ്രത്യേകിച്ചുള്ളതായി പറഞ്ഞില്ല. അമ്മയും മകളുംകൂടി മുകളിലിരുന്നിപ്രകാരം സംസാരിക്കുന്നതിനെ ഏതാനും കേട്ടും ബാക്കി കേൾക്കാതേയും അമ്മാമൻ മുകളിലേക്കു കയറിച്ചെന്നു.

അമ്മാമൻ — "എന്താണമ്മയും മകളുംകൂടി മന്ത്രിക്കുന്നത്?"

അമ്മായിഅമ്മ — "ഞങ്ങളോരോ വൎത്തമാനവും പറഞ്ഞോണ്ടിരിക്കയാണ്".

അമ്മാമൻ — "എന്താ അമ്മുക്കുട്ടി! അമ്മ പറഞ്ഞത്?"

അമ്മുക്കുട്ടി — "നാരായണിച്ചേച്ചിയോടു സംസൎഗ്ഗം ചെയ്യരു —"

ഈ മറുവടി പറവാൻ തുനിയുന്നതിന്നുമുമ്പ്. അമ്മുക്കുട്ടി, അമ്മായിഅമ്മയുടെ മുഖത്തുനോക്കിയിരുന്നുവെങ്കിൽ മറുപടി ശൂന്യാക്ഷരമായിത്തന്നെ കലാശിക്കമായിരുന്നു. എന്തുകൊണ്ടെന്നാൽ ഇത്രത്തോളം പറയുമ്പോഴയ്ക്കു് അമ്മായിഅമ്മ മുറുകെക്കടിക്കുന്ന പല്ലുകളുടെ കറകറശബ്ദത്തോടിടകലൎന്നും അതുകളുടെ മദ്ധ്യത്തിൽ ഉണ്ടായിരുന്നു എന്നു പറയാവുന്ന ഇടയിൽ കൂടി തിക്കിത്തിരക്കി കടക്കകൊണ്ടു ചതവുതട്ടി ചില അക്ഷരങ്ങൾ പുറത്തേക്കു ചാടിയതിനേക്കേട്ടു് അമ്മുക്കുട്ടി തിരിഞ്ഞു നോക്കിയപ്പോൾ കണ്ട കാഴ്ചയിൽ ഉണ്ടായ പേടിക്കു് ഒരു ബലികഴിച്ചാൽ മതിയാകയില്ല. 'കഥയില്ലാത്തെ' എന്നോ മറേറാ ആണു് കേട്ടത്.

അമ്മാമൻ — "കുട്ടി പേടിച്ചു. എന്താ ഇത്?"

അമ്മായിഅമ്മ — (ഉടനെ എഴുനീററു കാലുപിടിച്ചു) "കുട്ടികൾക്കു വൈഷമ്യം ആലോചിക്കാൻ ബുദ്ധിയില്ല. വായിലെനാവു് ഒരബദ്ധം പ്രയോഗിച്ചാൽ ആയസ്സും ഐശ്വൎയ്യവും പോകാൻ അതു മതി. എന്നെ സ്നേഹമുണ്ടെങ്കിൽ ഇനി അവളോടു യാതൊന്നും ചോ

ടിക്കരുത്. ഇവിടക്കറിയേണ്ടതും എനിക്ക പറയാവു ന്നതുമായ കാൎയ്യം ഞാൻ തീൎച്ചയായും പറയുമെന്ന ബോദ്ധ്യം ഇനിയും വന്നിട്ടില്ലെങ്കിൽ എനിക്കീകാലു തൊടാൻ യോഗ്യതയില്ല".

അമ്മാമൻ—"പാറതിക്കിഷ്ടമല്ലെന്നറിഞ്ഞിരുന്നു വെങ്കിൽ ഞാൻ ഇത്രക്കൂടി ചോദിക്കില്ലായിരുന്നു. പി ന്നെ ഞാനറിഞ്ഞിരിക്കേണ്ടതറിയിക്കാതിരുന്നാൽ അ തുനിമിത്തം എനിക്കുണ്ടാകുന്ന ദോഷം പാറതിക്കും പ റ്റില്ലെ. അതുകൊണ്ടു പറഞ്ഞാൽ കേൾക്കാം. ഇല്ലെ ങ്കിൽ വേണ്ടതാനും".

പിറ്റെന്നു രാത്രി ശ്രാമ്പിയുടെ മുകളിൽ കിഴ ക്കെ ജനലിൻെറകൊളുത്ത് അമ്മായിഅമ്മ ബദ്ധാവ സ്ഥായി കയറിട്ടു കെട്ടുന്നതു അമ്മാമൻ കണ്ടു. തലേദി വസത്തെ സംഭവം ഓൎത്ത് എന്തിനാണെന്നു ചോദി ക്കാൻ ധൈൎയ്യം തികയാതെ ഇങ്ങിനെ പറഞ്ഞു.

അമ്മാമൻ—"പാറതിക്കു കാററിൻെറ നേരെ എ ന്താ ഇത്ര ദ്വേഷ്യം? ഉഷ്ണമെല്ലാം ധാരാളം ഉണ്ടേനും".

അമ്മായിഅമ്മ—"ഞാൻ വീശി തണുപ്പിക്കുന്ന തോണ്ടിനിക്കു കിട്ടണ സൌഖ്യം മുടക്ക് അല്ലെ ചെയ്യു ണത്? അവനോൻെറടം നോക്കട്ടെ"?

അമ്മാമൻ—"അതിന്നോ അറിഞ്ഞുള്ളൂ? എന്നാ ലും വെറുതെ കൊളുത്തിവെച്ചാൽ പോരെ? കയറിട്ടു കെട്ടണൊ?"

അമ്മായിഅമ്മ—"എളുപ്പത്തിലാരും തുറന്നിടാ

തിരിക്കുണ്ട. ഈ സമാധാനങ്ങൾകൊണ്ടു അമ്മാമൻ തൃപ്തിപ്പെട്ടില്ല. ചുരുക്കത്തിൽ പറയുന്നതാണെങ്കിൽ ജനൽ തുറന്നു നോക്കുന്നതിന്നു അമ്മാമന്നുണ്ടായ ഉൾക്കണ്ഠകൊണ്ട് ഉറക്കം വരാതെ കുറെ നേരം കിടന്നതിന്നു ശേഷം അമ്മായിഅമ്മക്ക് ഉറക്കം പിടിച്ച തരം നോക്കി എഴുനീററു ശബ്ദം കേൾക്കാതെ ജനൽ തുറന്നു തെക്കോട്ടു നോക്കിക്കൊണ്ടിരുന്നു. കുറെ നേരം കഴിഞ്ഞപ്പോൾ വീട്ടുവളപ്പിന്റെ തെക്കെ വേലി പൊളിഞ്ഞു വഴിയായിക്കിടക്കുന്നതിൽകൂടി ഒരാൾ കടന്നുവന്നു കൊച്ചുനാരായണിയുടെ അറയിലേക്കു പോയി. വാതിൽ തുറക്കുന്നതും അടയ്ക്കുന്നതും കേട്ടു താൻ മകളെക്കാൾ സ്നേഹിച്ചു വളർത്തിയ പെണ്ണിന്റെ ചരിത്രം ഇങ്ങിനെയായതിലും സ്വന്തം തറവാട്ടിനേയും എത്രയും പണിപ്പെട്ട് അമ്മാമൻ സമ്പാദിച്ച ഒരു സംബന്ധക്കാരനായ കദളിത്തോട്ടത്തിൽ എളയ നായർ യജമാനനേയും ഒരുപോലെ ചളി പററിക്കാൻ ശ്രമിക്കുന്ന ഈ പെണ്ണിന്റെനടവടിയോർത്ത് അമ്മാമന് അന്നു രാത്രി ഉറക്കമുണ്ടായില്ല. പിറേറ ദിവസം കൊച്ചുനാരായണിയെ കദളിത്തോട്ടത്തിലേക്കു വണ്ടി കയററി അയപ്പിച്ചു. ഈ സംഭവത്തിന്നു ശേഷം 'കൊച്ചുനാരായണി' എന്ന ശബ്ദം അമ്മാമന്റെ നാവിൽനിന്നു പുറപ്പെട്ടിട്ടില്ല.

കദളിത്തോട്ടക്കാർ 'ഊരുക്കു പെരിയവരും' സ്ഥാനികളും അഭിമാനികളും. രണ്ടുമൂന്നു ക്രിമിനൽകേസ്സുനി

മിത്തം ധനബഹുമാനാദികൾക്ക് ഇടിച്ചിൽ തട്ടിയവരുമാണ്. ആ പ്രദേശം മുഴുവനും കുമ്പിനിസ്സീമയിൽ പെട്ട മുതല്ക്കു ബ്രിട്ടീഷുപരിഷ്കാരാവേശവും സമഭാവനയും നിമിത്തം പപ്പടക്കാരൻ ചങ്കു മൂത്തുവിളഞ്ഞു ശങ്കരമേനോനായതും ഞങ്ങളെല്ലാം വെറും പേരുവിളിച്ചിരുന്ന കടമ്മിത്തോട്ടക്കാർ നേരിട്ടു സംസാരിക്കുമ്പോൾ 'പണിക്കർ' 'നായർ' 'മേനോൻ' എന്നു കൂട്ടി വിളിക്കാൻ തുടങ്ങിയതും എന്റെ ഓർമ്മയിൽ പെട്ടിട്ടുള്ള മാറ്റങ്ങളാണ്. എന്നാൽ കാലത്തിന്റെ ഗതി കടമ്മിത്തോട്ടക്കാരുടെ ജലപ്രഭുത്വത്തിന്നു വിപരീതമായി വരുംതോറും അവിടെ അമ്പൂരിസംബന്ധമേ പാടുള്ളുവെന്നും പട്ടർ വെച്ചാലെ അവർക്കുണ്ടുകൂടുവെന്നും ഏർപ്പെട്ടതിന്നു പുറമെ അവിടെയുള്ള മൂത്ത വാലിയക്കാർക്ക് 'മുസ്സുന്തി' 'മുതൽപിടി' 'വിചാരിപ്പ്' എന്നുള്ള പേരുകളും രേഖകളിൽ പെടുത്തി. ഇപ്രകാരത്തിലും യജമാനൻ എന്നു വിളിക്കുകയോ കണ്ടാലെണീക്കുകയോ ചെയ്യാത്തവരോടു മിണ്ടാട്ടവും കൊണ്ടാട്ടവുമില്ലാതെയുമാണിവർ അഭിമാനം രക്ഷിച്ചുവരുന്നത്.

എന്റെ 'മട്ടു'ത്തിന്നു പ്രായം തികഞ്ഞപ്പോൾ എളയനായർ എജമാനന്റെ കഴുത്തിലേക്കാണ് അമ്മായിഅമ്മ ആദ്യം കണ്ണുവെച്ചത്. ആ കാര്യത്തെപ്പറ്റി അമ്മാമനോടു തലേണ്ണമന്ത്രം ജപിക്കുന്നതിന്നു ഒരുക്കുകൂട്ടിയതിൽ നിന്നു വിരമിച്ചതിന്നു കാരണം എന്റെ വീട്ടിൽ അടിച്ചുതളിക്കുന്ന ഉണ്ണ്യാത കമ്പേത്തെ

പ്രവൃത്തികഴിഞ്ഞു കോണിച്ചുവട്ടിൽ കൊണ്ടുപോയി വെച്ചിരിക്കുന്ന രണ്ടാശാന്മാരെ കണ്ടിട്ടാണ്. ഇങ്ങിനെ പൂർവ്വസ്മൃതി വരികകൊണ്ടാണ് കാട്ടിൽ കിടക്കുന്ന കിളിയെ പിടിക്കാനൊരുങ്ങിയതു വിട്ടു, വീട്ടിൽ കിടക്കുന്ന കാകന് കട്ടകോൽവെച്ചതും ഈ സാധു പെട്ടതും. 'മദ്ദള'ത്തിന്നു എളയനായർ യജമാനനെ കിട്ടാത്തതിനെക്കാൾ കൊച്ചുനാരായണിക്കു കിട്ടിയതിലാണമ്മായിഅമ്മക്കു സങ്കടം. "നാരിക്കുതന്നെപ്പോലെ മറെറാരുത്തിയെക്കണ്ടാൽ പാരിക്കും പരിഭവം" എന്നുള്ളതു പഴയ ചൊല്ലായതുകൊണ്ടു കൊച്ചുനാരായണി 'മദ്ദള'ത്തിനെ കവിഞ്ഞു നടക്കുന്നതിൽ അമ്മായി അമ്മക്കു 'മുഞ്ഞികറുക്കു'ന്നതിലെന്തത്ഭുതം?

ഇതിന്നുംപുറമെ അമ്മായിഅമ്മയുടെ മർമ്മം ഭേദിക്കുന്നതായി ഒരു സംഭവമുണ്ടായി. കദളിത്തോട്ടത്തിൽ കൊച്ചുനാരായണിയുടെ പ്രഥമപ്രവേശദിവസം എളെൻറ 'മദ്ദള'വും കൂടി പോയിരുന്നു. 'മദ്ദള'ത്തിനെ കൊച്ചുനാരായണിയുടെ ദാസിയാണെന്നു വിചാരിച്ച് അവിടുത്തെ ദാസിയായ ഇട്ടിച്ചിര മാടിവിളിച്ചു. ഭാഗ്യവശാൽ ആ വിളി വേറെ ആരും കണ്ടില്ല. അതിന്നു ശേഷം കദളിത്തോട്ടത്തിൽ ഓരോരുത്തർ കൊച്ചുനാരായണിയോടു കുശലപ്രശ്നത്തിന്നു തുനിഞ്ഞപ്പോഴെല്ലാം എളെൻറ 'മദ്ദളം' നാരായണിച്ചേച്ചി എന്ന് ഒരിക്കലെങ്കിലും തൊട്ടു വിളിക്കാതിരുന്നിട്ടില്ല.

ഇതിന്നെല്ലാം പ്രതിവിധിയായി എളയനായർ

യജമാനൻ വീട്ടിൽ വന്നാൽ അമ്മായിഅമ്മ സമീപത്തുപോയിരുന്നു മുറുക്കി നാലുതവണയെങ്കിലും എളുയ നായരെ എന്നു വിളിക്കാതെ പോയി കിടക്കാറില്ല. വളരെ സ്നേഹം നടിച്ചു സംസാരിക്കുന്നതുകൊണ്ട് അമ്മായി അമ്മ തന്നെത്താൻ എഴുനീററു പോകുന്നതുവരെ ഇതുകൊണ്ടുള്ള സുഖക്കേട് അനുഭവിക്ക പതിവായിരുന്നു. കേവലം ദുസ്സഹമായപ്പോൾ നേരത്ത സംബന്ധത്തിന്നു വരവുനിർത്തി. അപ്പോഴാണ് അമ്മായിഅമ്മ പടി അടച്ചുതുടങ്ങിയതും. അദ്ദേഹം വേലി പൊളിഞ്ഞതിൽകൂടി വന്നതും അമ്മാമൻ ജനലിൽകൂടി കണ്ടു തെററിധരിച്ചതും.

ദ്വിതീയതന്ത്രം സമാപ്തം.

മൂന്നാംതന്ത്രം

മോഷണം

ഭൂമിയിലുള്ള സാധനങ്ങൾ 'എന്റെ' 'നിന്റെ' എന്നുള്ള ഭാവന തുടങ്ങിയ മുതൽക്കു പരധനമടക്കുന്നതു പാടില്ലാത്ത പ്രവൃത്തിയാണെന്നു വിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും മോഷ്ടിക്കുന്നതിന്നും സ്വത്തിനെ മോഷണത്തിൽനിന്നു രക്ഷിക്കുന്നതിന്നും ഇന്നേവരെ മനുഷ്യരുപയോഗിച്ചിട്ടുള്ള യുക്തിവിശേഷം നോക്കുമ്പോൾ ഈ നിയമം ജന്തുസ്വഭാവത്തിന്നു സഹിക്കവയ്യാത്ത വിധം

വിരുദ്ധമായിട്ടുള്ളതാണെന്നു തോന്നിപ്പോകുന്നുണ്ട്. മോഷണം ഇത്രത്തോളം മനുഷ്യസ്വഭാവത്തിന്നു സഹജമായിരിക്കെ ആ പ്രവൃത്തിയെ മലയാളത്തറവാട്ടു ഭിന്നിപ്പിക്കുന്നതിൽ അമ്മായിഅമ്മ ഒരു തന്ത്രമായി സ്വീകരിച്ചതിൽ വളരെ ആശ്ചര്യമോ പുതുമയോ ഭാവിക്കാനില്ല. ഈ പ്രവൃത്തി നിന്ദ്യമായിട്ടുള്ളതാണെന്നു സർവ്വജനസമ്മതമാണെങ്കിലും മോഷ്ടിക്കുന്നവൻെറയും മോഷ്ടിക്കപ്പെടുന്ന സാധനത്തിൻെറയും അവസ്ഥപോലെ മോഷണം ചെയ്തതായി കേൾക്കുമ്പോൾ നമ്മുടെ മനസ്സിലുണ്ടാകുന്ന ക്ഷോഭത്തിന്നു ഭേദം വരും. ശ്രീകൃഷ്ണൻ വെണ്ണയും പാലും കളവു ചെയ്തതായി പുരാണങ്ങളിൽ വായിക്കുമ്പോൾ കൌതുകം തോന്നി പുഞ്ചിരിക്കുന്നതല്ലാതെ പിടിച്ചു പൊല്ലീസ്സിൽ ഏല്പിക്കേണമെന്നു വല്ലവർക്കും തോന്നാറുണ്ടോ? അതുപോലെ അമ്മായിഅമ്മ മോഷ്ടിച്ചതായി അമ്മാമൻ അറിഞ്ഞാൽതന്നെ ഒരു നേരമ്പോക്ക് അല്ലെങ്കിൽ ഓർമ്മകേട് എന്നേ തോന്നാൻ വഴിയുള്ളു എന്ന് അമ്മായിഅമ്മക്കു ബോദ്ധ്യമുണ്ടെങ്കിലും അവരെ സംശയിക്കാൻ വഴിയില്ലാത്തവിധത്തിലും അന്യനെ സംശയിക്കാനുള്ള തരത്തിലും മാത്രമേ മോഷണം നടന്നിട്ടുള്ളു. ആകപ്പാടെയുള്ള ഫലം കൊണ്ടു മോഷണം അമ്മായിഅമ്മയുടെ തന്ത്രമാണെന്നു ഞാൻ ഊഹിക്കയല്ലാതെ അവരെ കുററം ചുമത്തുന്നതിന്നു ഇതുവരെ തെളിവുണ്ടായിട്ടില്ല.

വല്ല സാധനവും കളവുപോയതായി ആക്ഷേപം

വരുമ്പോളെല്ലാം അമ്മാമനും തറവാട്ടുമായുള്ള ബന്ധത്തിൽ ഒരു കമ്പറാഴിയും, അങ്ങോരുട ഭാൎയ്യയുമായുള്ള ബന്ധത്തിൽ ഒരു കയർ കൂട്ടം. കളവുമുതൽ കണ്ടുകിട്ടിയാലും ഇതുതന്നെ ഫലം. എന്നുമാത്രമല്ല, കട്ടു എന്നു സംശയിക്കപ്പെടുന്നാൾ അമ്മാമനായിട്ടല്ലുന്നത് അമ്മായിഅമ്മയ്ക്കു ഗുണമായിട്ടും വരും. ഇതെല്ലാം കാണുമ്പോൾ അമ്മായിഅമ്മയുടെ ഏതാണ്ടു ചില തന്ത്രമുണ്ടെന്നല്ലേ വിചാരിക്കേണ്ടത്? ഇനിയും സംശയമുണ്ടെങ്കിൽ അന്യന്റെ യുക്തിയും അറിവും തന്റേതാണെന്നു ഭൎത്താവിനെ ധരിപ്പിച്ച് ഒരു പുഞ്ചിരിയോ ശിരഃകമ്പനമോ വാങ്ങിയതായി തെളിവുണ്ട്. യുക്തിമോഷണത്തിന്നു ശിക്ഷിച്ചുകാണാത്തതു നിയമത്തിന്നു വ്യാപ്തി പോരാത്തതുകൊണ്ടാണെന്നല്ലാതെ അതൊരു മോഷണമല്ലെന്നെങ്ങിനെയാണ് പറയുക?

മേൽ പറഞ്ഞതുകൊണ്ട് ഈ തന്ത്രത്തിലെ വിഷയം യുക്തിമോഷണവും വിത്തമോഷണവുമാണെന്നു സ്പഷ്ടം.

വിത്തമോഷണം — എന്റെ അനന്തിരൻ കരുണാകരൻ പിശുക്കനാണെന്നു കണ്ടു തറവാട്ടുചിലവു നടത്താൻ അമ്മാമൻ അവനെയാണ് ഏല്പിച്ചിരിക്കുന്നത്. ഈ ആവശ്യത്തിന്നു കരുണാകരൻ അമ്മാമന്റെ പണപ്പെട്ടി തുറക്കുന്നതും വരവുചിലവിനെപ്പറ്റി ഒരു ശില്ലിയോളം തിട്ടമായി കരുണാകരന് ഓൎമ്മയുള്ളതും അമ്മായിഅമ്മയ്ക്ക് ഒരു മുള്ളായിത്തീൎന്നു. പെട്ടിയിൽ

നിന്നു ഒന്നും രണ്ടും ഉറുപ്പിക കാണാതായിത്തുടങ്ങി ആക്ഷേപത്തിൽ വന്നപ്പോൾ "ഞാൻതന്നെ വല്ലപ്പഴം ചിലവാക്കീട്ടുണ്ടാകും. അല്ലാണ്ടാരെടുക്കണ്?" എന്ന് അമ്മായിഅമ്മ പറഞ്ഞുവെങ്കിലും രണ്ടു ദിവസം കഴിഞ്ഞപ്പോൾ "എന്റെ കയ്യാൽ ചിലവായിട്ടില്ല. ഇത് അമ്മാമനൊ മരുമകനൊ വിട്ടുപോയതാണ്" എന്നു പറഞ്ഞു. പിന്നെ കരുണാകരന്റെ കയ്യിൽ താക്കോൽ കൊടുത്തിട്ടില്ല.

അമ്മാമന്നു തലയ്ക്കെണ്ണ കാച്ചുന്നതിന്നു പഴയ പശുവിൻനെയ്യ് ഈട്ടംകൂട്ടി വെക്കേണ്ട ചുമതല കല്യാണിയമ്മയ്ക്കാണ്. എണ്ണയ്ക്കു മററുമുള്ളപ്പാട്ടുകൾ ചെയ്തു ഭരണി നോക്കിയപ്പോൾ അതിൽ നെയ്യ് വളരെ കുറഞ്ഞു കണ്ടു. "എങ്ങിനേയോ കളവുപോയതായിരിക്കും"മെന്നു കല്യാണിയമ്മ പറഞ്ഞു. കലവറത്താക്കോൽ അവരുടെ കയ്യിലിരിക്കെ ഈ കാരണം അമ്മാമന്നു ലേശം തൃപ്തിയായില്ല. എന്നുമാത്രമല്ല, "തന്റെ ദേഹരക്ഷയ്ക്കു വേണ്ടുന്ന കാര്യത്തിൽ കല്യാണിയമ്മയ്ക്കിത്രയും ശ്രദ്ധയില്ലാതെ വന്നോ" എന്നു പറകയും അസാരം ശണ്ഠ ഭാവിക്കയും ചെയ്തു. അതു കണ്ടപ്പോൾ കല്യാണിയമ്മയ്ക്കു ശുണ്ഠിയും വ്യസനവുമായി. കലവറക്കാര്യം മതിയെന്നു പറഞ്ഞു താക്കോൽ വെപ്പിച്ച് അമ്മായിഅമ്മയെ ഏല്പിച്ചു. അതിൽപിന്നെ രണ്ടുദിവസം കഴിഞ്ഞപ്പോൾ ഒരു ഭരണിയിൽ ധാരാളം പഴയ നെയ്യ് കണ്ടുകിട്ടിയതായി അമ്മായിഅമ്മ അമ്മാമനോടു പറകയും എടുത്തു കാ

ണിച്ചുകൊടുക്കയും ചെയ്തു. മറന്നുപോയതായിരിക്കുമെന്ന് അമ്മായിഅമ്മ പറഞ്ഞുവെങ്കിലും ആ ഉരണി പത്തു ദിവസം മുമ്പു മാത്രം വാങ്ങീട്ടുള്ളതാകയാൽ അമ്മാമന്നു ബോദ്ധ്യമായില്ല.

യുക്തിമോഷണം — വളരെക്കാലമായി പാറാവു ജോലി നടത്തി വാൎദ്ധക്യവും സംഭവിച്ചു രോഗങ്ങളും പിടിപെട്ടു വലയുന്ന ഞങ്ങടെ പട്ടി കിടപ്പിന്നു വട്ടംകൂട്ടീട്ടുള്ളത് അമ്മാമൻ സാധാരണയായി ഇരിക്കുന്നതും ശ്രാമ്പിയുടെ ഇറയത്തിട്ടിരിക്കുന്നതുമായ ചാരുകസേരയിലാണ്. ഇങ്ങിനെ ഒട്ടുനാൾ കഴിഞ്ഞതിന്നു ശേഷം മാത്രമേ ഈ വൃത്താന്തം അമ്മാമന്നു മനസ്സിലായുള്ളു. ഒരു ദിവസം കാലത്തു പട്ടി കിടക്കുന്നത് അമ്മാമൻ കണ്ടെത്തുകയും അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന വടികൊണ്ട് ഒരുവിധം സമ്മാനിക്കുകയും ചെയ്തു. തന്നെ തല്ലിയതു വയസ്സായതിന്നും രോഗം പിടിച്ചതിന്നുമായിരിക്കുമെന്നു വിചാരിച്ചിട്ടോ എന്തോ പട്ടി പിന്നേയും കസേരയിൽ തന്നെയാണ് കിടപ്പ്. പിറ്റെ ദിവസവും അമ്മാമൻ പ്രഹരംകൂട്ടി. തുടൎന്നു രണ്ടു ദിവസം ഇങ്ങിനെ സംഭവിച്ചപ്പോൾ ഈ വൎത്തമാനം "അത്താഴക്കോടതിയിൽ" എത്തി. അത്താഴക്കോടതി എന്നതു സാധാരണ എല്ലാ വീട്ടിലും ഉള്ളപോലെ അയൽവക്കത്തുള്ളവരുടെ നടവടിയെപ്പററി അപ്പീലില്ലാത്ത വിധി കല്പിക്കുന്നതിന്ന് അത്താഴത്തിന്നു ശേഷം എന്റെ വീട്ടിലെ പെണ്ണുങ്ങൾ വിളക്കിന്നു ചുററും കൂടുന്ന ഒരു സഭയാണ്.

അമ്മാമൻ പട്ടിയെ തല്ലിയ കേസ്സ്. ആ സഭയിൽ വിചാരണസ്ഥലവന്നതു ലേശംപോലും മുൻ കരുതലില്ലാതെയാണ്. കൊച്ചുനാരായണി പട്ടിക്കു ചോറു കൊടുത്തപ്പോൾ തിന്നാത്തതിനാൽ ആ വൎത്തമാനം കല്യാണിയമ്മയോടിങ്ങിനെ പറഞ്ഞു.

കൊച്ചുനാരായണി—"അമ്മെ അമ്മാമൻ തല്ലിയതിനു പട്ടി പിണങ്ങിയിരിക്കയാണെന്നു തോന്നുന്നു. ചോറു തിന്നുന്നില്ല."

കല്യാണിയമ്മ—"കാരണവരെന്തിനീ പട്ടിയെ തല്ലി പല്ലിളി കാണണ്?"

അമ്മായിഅമ്മ—"പുഴത്ത പട്ടി കസേരയിൽ കിടന്നാലാരെങ്കിലും തല്ലാതിരിക്കുമോ?"

കല്യാണിയമ്മ—"ആ പാവത്തിന്നെന്തെങ്കിലും അറിയാമോ? കാരണവരിരിക്കണെതു കാണാഞ്ഞപ്പോൾ അതു കേറിക്കിടന്നു".

അമ്മായിഅമ്മ—"അറിയാത്തതിന്നു തല്ല്. അറിയുന്നതിന്നു ചൊല്ല്".

ഇത്രത്തോളം സംഭാഷണം കഴിഞ്ഞ ഉടനെ അമ്മായിഅമ്മ സഭയിൽനിന്നു പിരിഞ്ഞുപോയി.

മുമ്പെയാരിക്കൽ പറഞ്ഞോടന് ഉറക്കത്തിൽ തല്ലുകൊണ്ടതിനു ശേഷം അവൻ താഴത്തിറയത്താണ് കിടക്കാറുള്ളത് എന്നു പറഞ്ഞിട്ടുണ്ടല്ലൊ. അമ്മായിഅമ്മ മുകളിലേക്കു പോകുന്നതിന്നു മുമ്പുതന്നെ പട്ടി കസേരയിൽ കിടക്കാതെ ജാഗ്രതയോടെ നോക്കണമെന്ന് അ

മ്മാമൻ പറങ്ങോടനെ പിളിച്ചു പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഏല്പിക്കാൻ അമ്മാമനു തോന്നിയത് അവൻെറ കഷ്ടകാലത്തിൻെറ മൂപ്പ് എന്നേ പറവാനുള്ളു. എന്തുകൊണ്ടെന്നാൽ ഉറക്കം വരുന്നതുവരെ അവൻ പട്ടിയെ ആട്ടിക്കളുഞ്ഞു. അവനുറങ്ങിയപ്പോൾ പട്ടി പിന്നേയും കയറിക്കിടന്നു. പിന്നെ പട്ടി കിടക്കാതിരിക്കാൻ അവൻതന്നെ കസേരയിൽ കിടന്നു. പിറെറ ദിവസം അമ്മാമൻ വന്നു നോക്കുമ്പോൾ പറങ്ങോടൻ കിടക്കുന്നതു കണ്ടു ക്രോധിച്ച് "അതിൽ കിടക്കാൻ നിന്നേക്കാൾ യോഗ്യത പട്ടിക്കില്ലേ?" എന്നു പറഞ്ഞ് അനവധി പ്രഹരിച്ചു. അടി തുടങ്ങുന്നതിന്നിടയിൽ കൂടി, ഉണ്ടായ സംഗതി മുഴുവൻ പറങ്ങോടൻ പറഞ്ഞു. ഇതു കണ്ടും കേട്ടും നിന്നിരുന്ന

അമ്മായിഅമ്മ—"കല്യാണിയമ്മ ഇന്നലെ പറഞ്ഞ കൂട്ടത്തിൽ താനിരിക്കേണ്ടേടത്തു താനിരിക്കാഞ്ഞാൽ പിന്നെ തൻെറ നിലയിൽ നായിരിക്കുമെന്നതു ശരിയായി. ഇനി പട്ടി കിടക്കാതിരിക്കാൻ രാത്രി മുഴുവനും ഇവിടുന്നുതന്നെ ഇരിക്ക".

അമ്മാമൻ...പെണ്ണുങ്ങൾ പാഠം പഠിപ്പിക്കാനും തുടങ്ങിയോ?"

അമ്മായിഅമ്മ—ആപത്തെ! ഞാനൊന്നും പറഞ്ഞില്ലേ. ഇനിഅതിനെൻെറ നേരെ എത്തിത്തുടങ്ങും. ഇത്തിരി മിണ്ടാതിരിക്കാൻ ഒരു നമസ്കാരം".

ഈ സംഭാഷണം കല്യാണിയമ്മ കേട്ടിരുന്നുവെ

ങ്കിൽ ഒരുമാതിരി ആപത്തായി കലാശിക്കുമായിരുന്നു. ഭാഗ്യവശാലവിടെ ആരും ഉണ്ടായിരുന്നില്ല. കല്യാണിയമ്മയെപ്പററി താൻ പറഞ്ഞതു ഭർത്താവിൻെറ നാവിൽനിന്നു പുറത്തു വരാതിരിക്കാനും പറഞ്ഞോടനു തല്ലുകൊള്ളാതിരിക്കാനും ഇനി ഒരു നിമിഷം കളയാതെ പട്ടി കസേരയിൽ കിടക്കാതിരിക്കാനുള്ള വഴി കണ്ടുപിടിക്കേണമെന്ന് അമ്മയിഅമ്മ ശ്രമിച്ചുതുടങ്ങി. അമ്മാമൻ കാര്യാദികൾ നടത്തുന്നത് അവിടെ ഇരുന്നായതുകൊണ്ടു മാററി ഇടാൻ തരവുമില്ല. സ്ഥലവുമില്ല. വള്ളപ്പിൻെറ വേലി പൊളിഞ്ഞു കെട്ടാതെ കിടക്കുന്നതുകൊണ്ടും തൊവര മുളകെട്ടിയതും നെല്ലും മിററത്തുകിടക്കുന്നതുകൊണ്ടും പട്ടിയെ കെട്ടിയിടുന്നതിനും തരമില്ല. അതുകൊണ്ടു കുറെ ഇല്ലിയും മററും കൊണ്ടുവന്ന് അമ്മായിഅമ്മ കസേരയിൽ വെക്കുന്നതു ഞാൻ കണ്ടു. കസേര ചരിച്ചുവെച്ചാൽ മതി എന്നു ഞാൻ പറഞ്ഞു. ഒരക്ഷരം മറുപടി പറയാതെ ഉടനെ ചരിച്ചുവെച്ചു അമ്മായിഅമ്മ പോകയും ചെയ്തു. മുകളിൽചെന്ന് അമ്മാമനോട് —

അമ്മായിഅമ്മ—“പട്ടി കസേരയിൽ കിടക്കാതിരിക്കാൻ ഒരു പണി ചെയ്തിട്ടുണ്ട്”.

അമ്മാമൻ—“അസ്സലായി, പട്ടിയെ കെട്ടിയിടാൻ എനിക്കറിഞ്ഞുകൂടാഞ്ഞിട്ടാ? മിററത്തു നെല്ലും തൊവരയും കിടക്കുന്നതുകൊണ്ടല്ലെ ഒന്നും തരമില്ലാത്തത്. പോയി അഴിച്ചുവിടു. പക്ഷെ കസേരയിൽ കിടന്നോട്ടെ”

അമ്മായിഅമ്മ—"പട്ടിയെ കെട്ടിയിട്ടില്ല".

അമ്മാമൻ—"പിന്നെ എന്താ ചെയ്തത്?"

അമ്മായിഅമ്മ—"നാളെ കാണരുതെ?"

അമ്മാമൻ—"വേറെ വഴി ഒന്നും ഞാൻ കണ്ടില്ല. വേണെങ്കിൽ കസേരയെ ആക്കെങ്കിലും കൊടുക്കണം. അല്ലെങ്കിൽ അതിൻെറ മുകളിൽ വല്ലതും കേററിവെയ്ക്കണം, കാലത്തു മാററണം".

അമ്മായിഅമ്മ—"അതൊന്നുമല്ല ചെയ്തത്. നാളെ കാലത്തു നോക്കരുതേ?"

അമ്മായിഅമ്മ എന്തെങ്കിലും പറയാതിരുന്നാൽ പിന്നെ അതിനെപ്പററി ചോദിച്ചിട്ടു കാൎയ്യമില്ലെന്ന് അമ്മാമനു തീച്ച ബോദ്ധ്യമാണ്. അതുകൊണ്ട് ഒന്നും ചോദിച്ചില്ല. പിറേറദിവസം കാലത്തു കസേര ചരിഞ്ഞു കിടക്കുന്നതു കണ്ട് അമ്മായിഅമ്മയുടെ യുക്തിയെ വളരെ ബഹുമാനിച്ചു പുറത്തേക്കു പോകയും ചെയ്തു.

പിന്നെ ഒരു സംഗതി ഉണ്ടായതെന്തെന്നാൽ അമ്മായിഅമ്മയുടെ പ്രത്യേകബന്തോവസ്തിലിരിക്കുന്ന അലുമാറിയിൽ വെച്ചിരുന്ന ഗ്ലാസ് ഭരണിയിൽനിന്നു പഞ്ചസാര കളവുപോയി. പൂട്ടു പൂട്ടിയമാതിരി ഇരിക്കുന്നുണ്ട്. താക്കോൽ അമ്മായിഅമ്മയുടെ കയ്യിൽനിന്നു വിട്ടിട്ടുമില്ല. ഇതു കണ്ടസഡാളിച്ച് അമ്മാമൻെറ അടുക്കൽ കേസ്സുംകൊണ്ടുചെന്നു. അമ്മാമൻ വീട്ടിലുള്ള കുട്ടികളെയെല്ലാം പിടിച്ചു തല്ലുകയും ചെയ്തു കട്ടില്ലെന്നു പറഞ്ഞ കുട്ടികളെ നുണ പറഞ്ഞതിന്നും തല്ലി. അ

തുകണ്ടപ്പോൾ ചിലർ ഇനി കക്കില്ലെന്നു പറഞ്ഞ് അധികം തല്ലുകൊള്ളാതെ പോയി. ഇനി കക്കില്ലെന്നു പറഞ്ഞ കുട്ടികളെല്ലാവരുംകൂടി ഈ കളവു ചെയ്തിരിക്കാൻ സംഗതിയില്ലെന്നു തോന്നി ഞാനവരെ വിളിച്ചു ചോദിച്ചപ്പോൾ തല്ലുകൊള്ളാതിരിക്കാനങ്ങിനെ പറഞ്ഞതാണെന്നു കുട്ടികൾ പറഞ്ഞു. ഒരുത്തനും കളവു ചെയ്തിട്ടില്ലെന്നു പറയുന്നതും ശരിയല്ലെന്നു തോന്നി.

ഞാൻ—"അമ്മായിഅമ്മെ! പഞ്ചസാരക്കള്ളൻ ചില്ലറക്കള്ളനല്ല. അമ്മാമൻ ഈ കുട്ടികളെ എല്ലാം പിടിച്ചു തല്ലിയതും ശുദ്ധമേ തെറ്റാണ്. അതുകൊണ്ട് ആ വിരൽ പതിഞ്ഞതൊ മറ്റൊ നോക്കി ആരാണെന്നു കണ്ടുപിടിക്കണം".

അമ്മായിഅമ്മ—"ഇതുതന്നെ ഞാൻ ഓക്കാതെ പറഞ്ഞുപോയതാണ്. അതുകൊണ്ടീ പാവങ്ങൾക്കു തല്ലുകിട്ടിയതിന്നുള്ള വേദന എനിക്കല്ലേ അറിയാൻ പാടുള്ളൂ? ഇനി അതു കണ്ടുപിടിച്ച് അതിനൊരു വകതല്ല്. ആകപ്പാടെ പോയതോ? ഇത്തിരി പഞ്ചസാര".

ഞാൻ—"എന്നാൽ പോകട്ടെ".

കുട്ടികൾക്കു തല്ലുകൊണ്ട ദിവസം ഞാൻ മദ്രാശിക്കു പോയി. പിറ്റെദിവസം കുറെ പലഹാരം കൈവശമുള്ളതു കൊടുക്കാൻ കുട്ടികളെ എല്ലാം അമ്മായിഅമ്മ മുകളിലേക്കു വിളിച്ചു. ഓരോരുത്തരായിട്ടു വാങ്ങിക്കൊണ്ടുപോയി. വീട്ടിൽ പാർക്കുന്ന കുഞ്ചു എന്ന ചെക്കനും പലഹാരത്തിന്നു കൈ കാട്ടിയപ്പോൾ അമ്മായി

അമ്മ അവനെ പിടിച്ചു. പഞ്ചസാരയിൽ പതിഞ്ഞ നാലുവിരലുകളിൽ ഒന്നു (പാമ്പുവിരൽ) സാധാരണയിലധികം ആഴത്തിൽ പോയിട്ടുണ്ടായിരുന്നു. കുഞ്ചുവിൻെറ പാമ്പുവിരൽ അസാധാരണയായ നീളമുള്ളതായി കണ്ടു. അതാണ് അമ്മായിഅമ്മ പിടിച്ചത്. കുഞ്ചുവിൻെറ വിരലും പഞ്ചസാരഭരണിയും അമ്മാമനെ കാണിച്ചുകൊടുത്തു ബോദ്ധ്യംവരുത്തി "പൂട്ടു തുറക്കാതെ കളവു ചെയ്തത് എങ്ങിനെ" എന്നു ചോദിച്ചതിൽ തലേദിവസം രണ്ടു കോൽ ദൂരത്തിരുന്ന് അമ്മായിഅമ്മ ചായ കൂട്ടുമ്പോൾ അലുമാറിയുടെ ഇടത്തെ വാതിലിൻെറ ബോൾട്ടു നീക്കിവെച്ചുവെന്നും കുടയുടെ വില്ലു വളച്ചു താക്കോൽ ദ്വാരത്തിലിട്ടു വലിച്ചപ്പോൾ രണ്ടു വാതിലുംകൂടി ഒപ്പം തുറന്നുവെന്നും പഞ്ചസാര എടുത്തതിനുശേഷം അതുപോലെ രണ്ടു വാതിലുംകൂട്ടി ഒപ്പം അടച്ചുവെന്നും പറഞ്ഞു. സാധാരണയായി താക്കോൽദ്വാരമുള്ള വാതിൽ മാത്രമേ അമ്മായിഅമ്മ തുറക്കാറുള്ളൂ. കഞ്ചുവിൻെറ കളവിന്നു ശേഷം മറെറവാതിൽ തുറന്നില്ലെങ്കിലും ബോൾട്ടു നോക്കിട്ടെ പൂട്ടാറുള്ളൂ. കുഞ്ചുവിനെ അപ്പോൾത്തന്നെ ശമ്പളം കൂടാതെ പിരിച്ചയച്ചു. അമ്മാമൻ വളരെ ലജ്ജിച്ചു. "ആ പൊല്ലീസിൻസ്പേക്ടർക്കു കൊടുക്കുന്ന ശമ്പളം പാറതിക്കാണ് കിട്ടേണ്ടത്" എന്നു മാത്രം പറഞ്ഞു.

ഇങ്ങിനെ ദിവസംപ്രതി ഉണ്ടായിട്ടുള്ള സംഭവങ്ങളെക്കൊണ്ടു വളരെ ബുദ്ധിയും കാര്യപ്രാപ്തിയുമുള്ള

സ്ത്രീയാണ് തന്റെ ഭാൎയ്യ എന്നും സ്നേഹവും നന്ദിയും ശ്രേഷ്ഠതയുമില്ലാത്ത വകക്കാരാണ് തന്റെ കുഡുംബത്തിലുള്ളവരെന്നും അമ്മാമൻ ധരിച്ചുവശായി.

തൃതീയതന്ത്രം സമാപ്തം.

നാലാം തന്ത്രം

നാരദക്രിയ

നാരദക്രിയ എന്നാൽ കടിപിടികൂട്ടുകയാണെന്നെല്ലാവൎക്കുമറിയാമെന്ന വിശ്വാസത്തിന്മേലാണ് ഈ തന്ത്രത്തിന്നു നാമകരണം ചെയ്തിട്ടുള്ളത്.

"ഏഷണികൂട്ടും നാരദനെന്നൊരു
ദൂഷണമുണ്ടു നമുക്കിഹ പണ്ടേ"

എന്നു മഹൎഷിയുടെ സമ്മതപ്രകാരം അദ്ദേഹത്തെപ്പററി ഒരു ദൂഷ്യം പറവാനുണ്ടായിരിക്കെ അദ്ദേഹത്തിന്റെ പേർ കേൾക്കാത്തവരാരെങ്കിലുമുണ്ടായിരിക്കുമോ എന്നു സംശയിക്കാനിടയില്ലല്ലോ.

ഇരുതല കൊളുത്തുന്നതു അല്ലെങ്കിൽ കടിപിടികൂട്ടുന്നത് എളുപ്പമായ ദുഷ്പ്രവൃത്തിയാണെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല. നാരദരും അമ്മായിഅമ്മയും — അല്ല തെററിപ്പോയി — അമ്മായിഅമ്മയും നാരദരും ചെയ്യുമ്പോലെ നമുക്കും ചെയ്യാമെന്നു വിചാരിച്ചു ശീലമില്ലാത്തവർ തുനിഞ്ഞാൽ

മയിലാട്ടം കണ്ടു കോഴി ആടിയപോലിരിക്കും. നാരദ രേക്കാൾ അമ്മായിഅമ്മക്ക് അഗ്രഗണ്യത്വം ഉണ്ട്. അമ്മായിഅമ്മയുടെ കൈത്തൊഴിൽ കൺകെട്ടായി തോന്നുമെന്നു മാത്രമല്ല, കലഹം വരുത്തിയ പീലിക്കെട്ടുംകൂടി ജാലപ്പെരട്ടുകൊണ്ടു കാണുന്നതോ എന്നു തോന്നിപ്പോകും. ഇതിന്നും പുറമെ വീട്ടിലിരുന്നു നാട്ടിലുള്ളവരെ തല്ലിക്കാനുള്ള തന്ത്രം നാരദക്ക് അറിവുണ്ടോ എന്നു സംശയമാണ്; എന്നുമാത്രമല്ല, തമ്മിൽ തല്ലിക്കുന്നതിന്നു ചില വിശേഷജ്ഞാനംകൂടി വേണമെന്നുള്ള തത്വം വെളിപ്പെട്ടത്, എന്നെ സംബന്ധിച്ചേടത്തോളം പറയുന്നതാണെങ്കിൽ, അമ്മായിഅമ്മയുടെ ചില പൊടിക്കയ്യ് പരിശോധിച്ചതിൽനിന്നാണെന്നുറച്ചു പറയാം. ഇപ്പറഞ്ഞ വിശേഷജ്ഞാനം ഒരുമാതിരി മർമ്മജ്ഞാനമാണ്. ജന്തുക്കളുടെ ഇടയിൽ സ്ഥൂലശരീരത്തിലുള്ള മർമ്മങ്ങളെ അറിയുന്നത് ഏതു പ്രകാരത്തിൽ മേന്മെക്കു വഴി തുറപ്പിക്കുന്നതോ, അതുപോലെ ഓരോ സ്വഭാവത്തിന്നും ചില മർമ്മങ്ങളുള്ളതിനെ അറിഞ്ഞാൽ ആരേയും പാവക്കളി കളിപ്പിക്കാം, ചിരിപ്പിക്കാം, വെറുപ്പിക്കാം, ഭയപ്പെടുത്താം, വേണ്ടതെല്ലാം ചെയ്യിക്കാം.

മുമ്പു പരിചയമില്ലാത്തൊരാളായി വർത്തമാനം പറയുന്നതിന്നു അമ്മായിഅമ്മക്കിടകൂട്ടിയാൽ എത്ര വിഷയങ്ങളെപ്പററി പറയിപ്പിക്കുമെന്നു കണക്കു കണ്ടവരാരുമില്ല. ഒരിക്കലല്ലെങ്കിൽ രണ്ടുതവണ വർത്തമാനം

പറയാനിട കിട്ടിയാൽ ആയാളുടെ സ്വഭാവത്തിന്റെ സവ്വെയും സെററിൽമെണ്ടും കഴിക്കും. അങ്ങിനെയിരിക്കെ, സദാ സഹവാസം ചെയ്യുന്ന അമ്മാമന്റേയും വീട്ടിലുള്ളവരുടേയും കഥ പറയാനുണ്ടോ? അമ്പലം വിഴുങ്ങുന്ന പിശാചിന്നു വാതിൽപലക പപ്പടമെന്ന കൂട്ടത്തിൽ എന്റെ വീട്ടിലുള്ളവരെ തമ്മിലുരസ്സുന്നതിന്നു അമ്മായിഅമ്മസ്സു വക്കെ വേണ്ടിവന്നിട്ടില്ല. ; അതുകൊണ്ടു രണ്ടോ മൂന്നോ, ചില്ലറ പ്രയോഗങ്ങളെ മാത്രമേ ഇവിടെ എടുത്തു കാണിക്കുന്നുള്ളു.

അതിന്നുമുമ്പായി അവരുടെ ഉദ്ദേശത്തെ ചൂണ്ടിക്കാണിക്കാം. "സമ്പന്നമാകുംവണ്ണം തനിക്കു ഭുജിക്കേണം സുഖമന്ദിരത്തിങ്കൽ വാസവും ചെയ്തീടേണം" എന്നൊന്ന്. "നമ്മുടെ വീട്ടുകാൎക്കിന്നുമ്മാനുള്ളൊരു നേട്ടം നെന്മണിശേഷിക്കാതെയടക്കീടെണ"മെന്നു രണ്ട്. "ചോദിക്കാനുള്ളവർ യോജിക്കരുതെ"ന്നു മൂന്ന്. "ജ്ഞാനശേഷംപോലെ കുടുംബസ്നേഹശേഷവും നശിപ്പിക്കേണ"മെന്നു നാല്. ഇങ്ങിനെ നാനാവിധമാണുദ്ദേശം.

അമ്മാമന്റെ അമ്മയായ പാപ്പിമുത്തശ്ശിക്കു വാൎദ്ധക്യംകൊണ്ടു മുതുതെല്ലുമുത്തു മുരമ്പിച്ചു വളഞ്ഞിട്ടുള്ളതുകൊണ്ടു നിലയ്ക്കുന്നില്ലൂന്ന് ചുരുങ്ങിയതു മൂന്നു കാലു വേണ്ടിവന്നിട്ടുണ്ട്. 'ചൊറിയരുപത്' എന്നൊക്കെല്ലാവരും കേട്ടിട്ടുണ്ടല്ലോ. ഏകദേശം ഇവരുടെ ഷഷ്ടിപൂൎത്തിമുതല്ക്കു ശ്മശാനത്തോടു ദ്വേഷക്കൂടിയും രാമനാമം കുറഞ്ഞും വരുന്നുണ്ട്: മാടുന്ന തോണിക്കൊഴുക്കിന്റെ

സഹായമെന്നപോലെ ദുർവ്വാക്കു പറയാൻ നിരവധി സന്ദർഭങ്ങൾ അമ്മായിഅമ്മ ഉണ്ടാക്കിക്കൊടുക്കുന്നതുമുണ്ടു്. അതിന്റെ മാതിരി ഒന്നു കാണിക്കാം. ഒരു ദിവസം സന്ധ്യക്കു് എന്റെ വീട്ടിലുള്ള ചില പൂച്ചക്കുട്ടികൾ നടക്കുന്നവരുടെ കാലിലിടഞ്ഞുംകൊണ്ടു നാലുകെട്ടിൽ സഞ്ചരിച്ചിരുന്നു. ഈ പൂച്ചക്കുട്ടികളെ മുത്തശ്ശീടെ വടികൊണ്ടിരണ്ടു കൊടുപ്പാൻ കഴിയില്ലേ കുട്ടപ്പാ' എന്നു അമ്മായിഅമ്മ കുട്ടപ്പൻ എന്ന കുട്ടിയോടു പറഞ്ഞു. കുട്ടപ്പൻ മുത്തശ്ശിയുടെ വടി മോഷ്ടിച്ചുകൊണ്ടുവന്നു പൂച്ചക്കുട്ടികളുടെ പിന്നാലെ ഓടിത്തുടങ്ങി. മുത്തശ്ശി വടി തപ്പിനോക്കിയപ്പോൾ കണ്ടില്ല. എല്ലാവരേയും ശപിച്ചുതുടങ്ങി. പൂച്ചയെ തല്ലാൻ കുട്ടപ്പനെടുത്തുകൊണ്ടുപോയി എന്നു വേറെ ഒരു കുട്ടി പറഞ്ഞപ്പോൾ മുത്തശ്ശിക്കു ശുണ്ഠി മുഴുത്തു. എന്തുകൊണ്ടെന്നാൽ 'പൂച്ച' 'നായ' മുതലായതുകൾക്കു സംസ്കൃതമല്ലാതെ മലയാളം പറയുന്നതെത്രയും അശുഭമാണെന്നു മുത്തശ്ശി ചെറുപ്പം മുതല്ക്കേ ധരിച്ചുവന്നിട്ടുള്ളതാണ്. ഇക്കാലത്തു മുതിരുന്ന കുട്ടികൾക്കതൊരു പരിഹാസവുമാണ്. മുത്തശ്ശീടെ ശാപം കലശായി തുടങ്ങിയപ്പോൾ കുട്ടികളുടെ അമ്മമാരെത്തി. അവരും മുത്തശ്ശിയും തമ്മിലങ്ങുമിങ്ങും വാക്കേററത്തിന്റെ കശ. ഇങ്ങിനെ തരംകിട്ടുമ്പോളെല്ലാം മുത്തശ്ശീടെ നാവിനെ ഇളക്കിവിടാറുണ്ടു്.

തെമ്മലയുടെ അടിവാരത്തിലുള്ള മലമൂട്ടിൽ എന്ന വീട്ടിലാണ് കൃഷ്ണച്ചേട്ടന്റെ സംബന്ധം. ദേവകിയെന്നാണ് ഭാൎയ്യയുടെ പേർ. മലമൂട്ടിലുള്ളവൎക്ക ഞങ്ങളേക്കാറം ധനസമൃദ്ധിയുണ്ടെങ്കിലും നാഗരികസമ്പ്രദായങ്ങളിൽ യാതൊരറിവുമില്ലാത്തതുകൊണ്ട കൃഷ്ണച്ചേട്ടന്റെ മട്ടും തട്ടിപ്പും കണ്ട പരിഭ്രമിച്ച് ഇങ്ങേരു കേമനാണെന്ന് ആ ദിക്കിലുള്ളവരെല്ലാം വിചാരിക്കുന്നുണ്ട്. മലമൂട്ടിലുള്ളവരോ ആ നാട്ടിലുള്ളവരോ ഞങ്ങടെ വീട്ടിൽ വന്നാൽ അവരെ സൽക്കരിക്കുന്നതിൽ അവർ കൃഷ്ണച്ചേട്ടനുണ്ടെന്നു വിചാരിക്കുന്ന യോഗ്യതയിൽ താണുപോയോ എന്നു കൃഷ്ണച്ചേട്ടൻ ശങ്കിക്കാറും വീട്ടുകാരോട പരിഭവിക്കാറുമുണ്ട്. എന്തുകൊണ്ടെന്നാൽ അത്രത്തോളം യോഗ്യത വാസ്തവത്തിൽ തനിക്കില്ലെന്ന് അവരറിയുന്നപോലെ ജാള്യത കൃഷ്ണച്ചേട്ടനു മററാനുമില്ല. കൃഷ്ണച്ചേട്ടന്റെ ഈ മൎമ്മം അമ്മായിഅമ്മ നോക്കിവെച്ചിട്ടുണ്ടെന്നുള്ളതു പറയേണ്ടതില്ലല്ലൊ. മലമൂട്ടിൽനിന്നു ദേവകിയും ആ പ്രദേശത്തുനിന്ന് അമ്മാമനെ കാണേണ്ടതിലേക്ക മററു ചിലരുംകൂടി ഒരു ദിവസം ഞങ്ങടെ വീട്ടിൽ വന്നു. അമ്മാമൻ ഒരു കാൎയ്യമായിട്ട തീവണ്ടി കയറിപ്പോയിട്ട മടങ്ങി എത്തീട്ടുണ്ടായിരുന്നില്ലാത്തതിനാൽ കാണാൻ വന്നവർ അന്നു വീട്ടിൽതന്നെ താമസിച്ചു. പിറെറ ദിവസം കാലത്തു കരുണാകരൻ എന്തൊ കണക്കെഴുതിക്കൊണ്ടിരയത്തിരിക്കയായിരുന്നു. വടക്കേതിൽ താമസിക്കുന്ന തൊമ്മ

ൻെറ താറാവുകൾ ഞങ്ങടെ പടിഞ്ഞാറെ മിററത്തുണ്ടായിരുന്നു. ആ സമയം ദേവകി കുളിച്ചു പടിഞ്ഞാറെ പടിപ്പുര കടന്നുവരുന്നതിനെ അമ്മായിഅമ്മ കണ്ടു് "ഇവളെന്തിനു തൊമ്മൻെറ താറാവിനെ ഇങ്ങിനെ കളിയാക്കണ്?" എന്നു പറഞ്ഞു് അകായിലേക്കു പോയി. കരുണാകരൻ തിരിഞ്ഞുനോക്കിയതിൽ ദേവകിയേയും താറാവിനേയും ഒപ്പം കണ്ടു പൊട്ടിച്ചിരിച്ചുപോയി. താറാവു നടക്കുന്നതു കണ്ടിട്ടുള്ളവൎക്കു ദേവകി നടക്കുന്നതു കണ്ടാൽ ചിരിവരാതിരിക്കയില്ല. തന്നെപ്പരിഹസിക്കയാണെന്നു ദേവകി മനസ്സിലാക്കി. അവിടുന്നല്പം കഴിഞ്ഞിട്ടു ദേവകിയും അമ്മായിഅമ്മയുമായിട്ടു കറഞ്ഞൊരു കൂടിക്കാഴ്ചയുണ്ടായിട്ടുണ്ടു്. കൃഷ്ണച്ചേട്ടൻ രാത്രി വന്നപ്പോൾ ദേവകി സങ്കടം പറഞ്ഞു. പിറേറ ദിവസം കരുണാകരൻെറ ചിരിയൊന്നിളക്കിവിടേണമെന്നു കരുതി കൃഷ്ണച്ചേട്ടൻ ഉറക്കമുണരുന്നതിന്നു മുമ്പ് അഞ്ഞൊരു പുതിയ ഗൌരവം നടിച്ചിരിക്കാറുള്ള മാതിരിയിൽ അമ്മായിഅമ്മ കരുണാകരൻെറ സമീപത്തു ചെന്നിരുന്നു. കരുണാകരൻ അപ്പോഴും ചിരിച്ചു. അവിടുന്നല്പം കഴിയുമ്പോഴെക്കു കൃഷ്ണച്ചേട്ടൻ ഉണൎന്നുവന്നു. കണികണ്ടതു കരുണാകരനെയാണു്. കൃഷ്ണച്ചേട്ടൻെറ മുഖത്തു നോക്കിയപ്പോൾ കരുണാകരനു ചിരിയും കൃഷ്ണച്ചേട്ടനു ശുണ്ഠിയും ഒരേ സമയത്തുണ്ടായി. കൃഷ്ണച്ചേട്ടൻ കരുണാകരനെ തല്ലി. കരുണാകരൻ തടുത്തപ്പോൾ കൃഷ്ണച്ചേട്ടൻെറ വലത്തുകൈക്കു് ഉളുക്കുപ

ററി. ദ്വേഷ്യപ്പെട്ടു ഭാൎയ്യയേയും കൂട്ടിക്കൊണ്ടിറങ്ങിപ്പോകയും ചെയ്തു.

കൃഷ്ണച്ചേട്ടൻ ദ്വേഷ്യപ്പെട്ടുപോയ അന്നു കാലത്തു തന്നെ അമ്മാമൻ വണ്ടിയിറങ്ങി വന്നു. വരുന്ന വഴിക്കു ഞങ്ങടെ വീട്ടിലുള്ളവരെല്ലാവരുംകൂടി മലമൂട്ടിലുള്ളവരെ അടിച്ചു പുറത്താക്കി എന്നും അന്യായം കൊടുപ്പാൻ പോയിരിക്കുന്നു എന്നും മററും നാട്ടുവൎത്തമാനം കേട്ടവർ അമ്മാമനെക്കണ്ടപ്പോൾ വിവരം പറകയും വളരെ വ്യസനത്തോടുകൂടി അദ്ദേഹം വീടെത്തിയ ഉടനെ കരുണാകരനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞയയ്ക്കുകയും ചെയ്തു.

അമ്മാമന്റെ മുഖഭാവം പകൎന്നതു കണ്ടു് എന്തെല്ലാമോ വരുന്നവഴിക്കു കേട്ടിട്ടുണ്ടാകുമെന്നു വിചാരിച്ചു് അമ്മായിഅമ്മ ചോദിക്കുകയും താൻ കേട്ട വൎത്തമാനം അമ്മാമൻ പറകയും ചെയ്തു. കൃഷ്ണപ്പണിക്കൎക്കു മലമൂട്ടിൽനിന്നു വല്ലവരും വന്നാൽ സാധാരണയുള്ളപോലെ എന്തോ നീരസം തോന്നി കാരണവസ്ഥാനം നടിച്ചു കരുണാകരനെ തല്ലിയെന്നും അവൻ തടുത്തതു് തനിക്കവമാനമാണെന്നു പറഞ്ഞിറങ്ങിപ്പോയി എന്നും അതല്ലാതെ വേറെ ഒന്നും ഉണ്ടായിട്ടില്ലെന്നും അമ്മായിഅമ്മ പറഞ്ഞു. തത്സമയം കരുണാകരൻ മുകളിലേക്കു വന്നു. കരുണാകരനോടു ചോദിച്ചതിലും കൃഷ്ണച്ചേട്ടനാണു് കുററക്കാരനെന്നു മനസ്സിലാക്കി എ

ങ്കിലും, പറഞ്ഞു സമാധാനിപ്പിക്കാമെന്നു കരുതി മല മൂട്ടിലേക്കു ഒരാളെ അയക്കാൻ പറഞ്ഞു.

അമ്മാമൻ കേട്ടതിലും അധികമായി കദളിത്തോട്ടത്തിൽ എളയനായരും വീട്ടിലുണ്ടായ കലശലിന്റെ വർത്തമാനം രാജിയാക്കാനുള്ള വിചാരത്തോടുകൂടി മര്യാദക്കാരനും നല്ലൊരു നാട്ടുകാര്യസ്ഥനുമായ ശങ്കു ആശാനേയും കൂട്ടിക്കൊണ്ട് അന്നേകദേശം മൂന്നുമണിയായപ്പോഴ് വന്നുചേന്നു. അവർ കേട്ടതെല്ലാം കളവാണെന്നും ഒരു കാരണവൻ അനന്തിരവനെ ഒന്നോ രണ്ടോ തല്ലി എന്നല്ലാതെ യാതൊരു ശണ്ഠയും ഉണ്ടായിട്ടില്ലെന്നും അമ്മായിഅമ്മയും മററും പറഞ്ഞു. കാപ്പിക്കുള്ള സമയമായതുകൊണ്ടു കാപ്പി കഴിച്ചിട്ടു പോകേണമെന്നു കല്യാണിയമ്മയും മററും ശങ്കു ആശാനെ ക്ഷണിക്കുകയും പലഹാരസഹിതം ഇറയത്തു കൊണ്ടുപോയി കൊടുക്കുകയും ചെയ്തു. 'പലഹാരം കാഴ്ചയിൽ നന്നായിട്ടില്ല' എന്ന് എളയനായർ പറയുന്നത് അമ്മായിഅമ്മയും കല്യാണിയമ്മയും അകായിൽനിന്നു കേട്ടു. 'മിനിഞ്ഞാന്നത്തെ സുഖിയൻ നന്നായിട്ടുണ്ടെങ്കിൽ കൊണ്ടുവരാ'മെന്ന് എളയ നായരോടു പറഞ്ഞു വിരോധമില്ലെങ്കിൽ കൊണ്ടുപോയി കൊടുക്കേണമെന്നമ്മായിഅമ്മ കല്യാണിയമ്മയോടു പറഞ്ഞതു കേട്ട് ആ സാധു അങ്ങിനെതന്നെ എളയനായരോടു പറഞ്ഞു. ഞങ്ങളുണ്ടാക്കിയ പലഹാരം തിന്നുന്നതിന്നുള്ള പശ്ചാത്താപവും അതു ശങ്കു ആശാൻ അറി

ഞ്ഞതിലുള്ള ജാള്യതയുംകൂടി എളയനായരുടെ മുഖത്തു തിക്കിത്തിരക്കി പ്രകാശിച്ചു. ഇങ്ങിനെ കള്ളമനം തുള്ളിയതുകൊണ്ടു ചുണ്ടു വിറയ്ക്കലാണ് കല്യാണിയമ്മയുടെ ചോദ്യത്തിന്നു മറുപടിയുണ്ടായത്. ചോദിച്ചത് അബദ്ധമായി എന്നപ്പോൾ കല്യാണിയമ്മയ്ക്കു തോന്നി. ഇങ്ങിനെ പറയാൻ പറഞ്ഞയച്ച അമ്മായിഅമ്മയുടെ നേരെ ദ്വേഷ്യപ്പെട്ടകത്തേക്കുപോയി. അമ്മായിഅമ്മയുടെ കുററം നീങ്ങുന്നതിന്നും കല്യാണിയമ്മയെ ആശ്വസിപ്പിച്ചു പിന്നെ ഒരബദ്ധംകൂടി പ്രവൎത്തിപ്പിക്കുന്നതിന്നും എളയനായരെ പോരാത്തവനാക്കുന്നതിന്നും ശങ്കു ആശാനു വല്ല സംശയവുമുണ്ടെങ്കിൽ തീരുന്നതിന്നും ‘പട്ടരുണ്ടാക്കിയതല്ലെന്നു നമ്മളാരെങ്കിലും പറഞ്ഞുവോ? അദ്ദേഹം പരുങ്ങിയതിന്നു നമ്മളോ കുററക്കാര്?’ എന്നു സമാധാനം പറഞ്ഞു. ഉടനെ കല്യാണിയമ്മ ഉമ്മറത്തുചെന്നു ‘പട്ടരുണ്ടാക്കിയതാണ്’ എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ ശങ്കു ആശാനുണ്ടായ മന്ദസ്മിതം മറയ്ക്കാൻ അങ്ങോർ തലയൊന്നു താഴ്ത്തി. ഉടനെതന്നെ എളയനായരും ശങ്കു ആശാനും മടങ്ങിപ്പോയി. എളയനായർ ഞങ്ങടെ വീട്ടിൽ സ്വകാര്യമായി ഊണുകഴിക്കാറുണ്ടെന്നും മററും അദ്ദേഹത്തിനെ കൂട്ടിവെച്ചു പ്രസ്താവം ഉണ്ടായി എന്നും അതദ്ദേഹം സമ്മതിച്ചുവെന്നും നാടൊക്കെപ്പരന്നു എന്നു മാത്രമല്ല കദളിത്തോട്ടത്തിലും കേട്ടു. അന്നു രാത്രിതന്നെ, താനായിട്ടു തറവാട്ടിന്റെ മാനം കളയുമെന്നും മററു സ്ത്രീകളാക്ഷേപിച്ചു എന്നു എളയനായർക്കു മനസ്സിലായി.

പിറെറ ദിവസം കാലത്തു കൃഷ്ണച്ചേട്ടനെത്തി. അമ്മാമൻ കരുണാകരനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞ് ഇറയത്തിട്ടിരിക്കുന്ന ചാരുകസേരിയിൽ വന്നിരുന്നു. കരുണാകരനും വന്നുനിന്നു.

അമ്മാമൻ — (കൃഷ്ണച്ചേട്ടനോട്) "നീ എന്തിനാം കരുണാകരനെ തല്ലിയത്? അവൻ തെററായിട്ടു വല്ലതും പ്രവൎത്തിച്ചു എന്നുതന്നേ വിചാരിച്ചോം. എന്നാലും അടിച്ചുവളൎത്തേണ്ട കുട്ടിയാണോ?"

കരുണാകരൻ — "ഞാൻ തെററായിട്ട് ഒന്നും പ്രവൎത്തിച്ചിട്ടില്ല."

കൃഷ്ണച്ചേട്ടൻ — "നിങ്ങളാണവനെക്കൊണ്ടെന്നെ തല്ലിച്ചത് എന്നും ആ സംശയം ജനിക്കാതിരിക്കാനാണ് നിങ്ങളിവിടെനിന്നു വണ്ടികയറിപ്പോയത് എന്നും ചിലരെന്നോടു പറഞ്ഞു. അതു ഞാൻ വിശ്വസിച്ചിരുന്നില്ല. ഇപ്പോളെനിക്കു ബോദ്ധ്യമായി. നിങ്ങൾ തല്ലിയാൽ എനിക്കവമാനമില്ല. എനിക്കു താഴെയുള്ളവരെക്കൊണ്ടിതു ചെയ്യിച്ചില്ലേ നിങ്ങൾ? നിങ്ങൾക്കും ഇതുതന്നെയാണ് ഗതി."

അമ്മാമൻ — "എന്തെടാഅസംബന്ധം പറയണത്? എനിക്കു നിന്നെ തല്ലിച്ചിട്ടു വല്ല കാൎയ്യവുമുണ്ടോ? അങ്ങിനെ വേണമെങ്കിൽ എനിക്കുതന്നെ ചെയ്യരുതേ?"

കൃഷ്ണച്ചേട്ടൻ — "കോൎയ്യമില്ലെങ്കിൽ നിങ്ങളെന്തുകൊണ്ടാണെനിക്കു കൃഷി തരാഞ്ഞത്? ഞാൻ നിങ്ങ

ടെ നേരെ വടിയെടുക്കാനാണ് കൃഷി കഷ്ടപ്പെട്ടത ണതെന്നീ കള്ളൻ പറഞ്ഞതിനെ കേൾക്കാനല്ലെ നി ങ്ങൾക്കു ബുദ്ധിയുണ്ടായുള്ളൂ"

കരുണാകരൻ—(കൃഷ്ണച്ചേട്ടനോട്) "നിങ്ങൾക്കു ഭ്രാന്താണ്. നിങ്ങളുടെ മുതലെന്തു കട്ടു? ഞാൻ നിങ്ങളെപ്പററി വല്ലതും അമ്മാമനോടു പറഞ്ഞിട്ടു ണ്ടോ?"

കൃഷ്ണച്ചേട്ടൻ—"കള്ളനാവാനെൻെറ മുതൽ കക്ക ണോ? അമ്മാമൻെറ പെട്ടിയിൽനിന്നു കട്ടാൽ കളവാ കില്ലെയോ? (അമ്മാമനോട്) ഇവനീ തെക്കപുറത്തു നിന്നു പറയുന്നതു നിങ്ങളല്ലെ കേട്ടുംകൊണ്ടു വന്നത്?"

കൃഷ്ണച്ചേട്ടൻെറ ഈ ചോദ്യത്തിൽ അമ്മാമൻെറ മനസ്സിലൊരു വെളിച്ചമുണ്ടായി. അന്നു മറവിൽനിന്നി രുന്നാളിവനാണെന്നു കൃഷ്ണച്ചേട്ടൻ പറഞ്ഞപ്പോൾ ശരി യായിരിക്കാമെന്നും കരുണാകരൻ നിഷേധിച്ചു പറ ഞ്ഞതു കളവാണെന്നും തോന്നി. ഇവനായതുകൊണ്ടാ യിരിക്കാം ഭാര്യ തന്നോടാളെപ്പറയാഞ്ഞത് എന്നും തോന്നി.

അമ്മാമൻ—"അന്നു പാറതിയോടു സംസാരിച്ച തും എൻെറ ഒച്ച കേട്ടപ്പോൾ ഓടിപ്പോയതും നി യല്ലേ?"

കരുണാകരൻ—"എനിക്കിതൊന്നും മനസ്സിലാ കുന്നില്ല. എന്തെല്ലാമോ നിങ്ങളും കൃഷ്ണമ്മാമനും തെ റ്റിദ്ധരിച്ചിട്ടുണ്ട്, ഞാൻ ഈ വയസ്സിലകത്തു കൃഷ്ണമ്മാ

മനെപ്പററി നിങ്ങളോട വല്ല ദുഷ്യവും പറഞ്ഞിട്ടുണ്ടോ?"

അമ്മാമൻ—"നീ നേരിട്ട പറഞ്ഞില്ല"—

കൃഷ്ണച്ചേട്ടൻ—"ഇവനാണെന്നോട് അമ്മായിഅമ്മയാണെന്ന് പറഞ്ഞത്".

കരുണാകരൻ—"കൃഷ്ണമ്മാമൻ ശുദ്ധമേ നൊണയാണ് പറഞ്ഞതതെന്നിപ്പോഠം തെളിയിക്കാം. പ്രംന്നൻ പോകുന്ന കാൎയ്യത്തിൽകൂടി അമ്മായിഅമ്മ ഒരു നൊണ പറയില്ല".

കൃഷ്ണച്ചേട്ടൻ—"അതുതന്നെയാണ് ഞാനും ഇത്ര തീൎച്ച പറയുന്നത്".

കരുണാകരൻ—"അവരെ വിളിച്ചിപ്പോഠം ചോദിക്കണം".

അമ്മാമൻ അമ്മായിഅമ്മയെ വിളിച്ചു. അടുത്തുവന്നപ്പോഠം—

അമ്മാമൻ—"അന്നിവനല്ലെ പാറതി മേൽകഴകാൻ പോകുമ്പോഠം ഇവിടെനിന്നേതാണ്ടൊക്കെ പറഞ്ഞിരുന്നത്?"

അമ്മായിഅമ്മ—"അല്ല."

അമ്മാമൻ—"ഇവനാണെന്നു പാറതി കൃഷ്ണനോട പറഞ്ഞുവൊ?"

അമ്മായിഅമ്മ—"ഇല്ല."

കൃഷ്ണച്ചേട്ടൻ—"ആയാളുടെ പേരിൻെറ ആദ്യത്തെ അക്ഷരം 'ക' എന്നാണെന്നു നിങ്ങഠം പറഞ്ഞില്ലെ?"

അമ്മായിഅമ്മ—"ഉവ്വ്."

കൃഷ്ണച്ചേട്ടൻ—"തലേദിവസം കൃഷി വേണമെന്നു ഞാൻ പറഞ്ഞപ്പോൾ ഈ വീട്ടിലുള്ളവരല്ലാതെ വേറെ ആരും ഉണ്ടായിരുന്നില്ലെന്നു നമുക്കെല്ലാവൎക്കും നിശ്ചയമില്ലേ? ഇവനല്ലെന്നു അമ്മായിഅമ്മ പറയുന്നതു ഞങ്ങൾ തമ്മിൽ തല്ലാതിരിക്കാൻ പറയുന്നതല്ലേ?"

കരുണാകരൻ—"ഈ കറ വെച്ചിട്ടാണ് കൃഷ്ണമ്മാമൻ എന്നെ തല്ലിയതെന്നും അതെന്തെല്ലാമൊ തെററിധരിച്ചിട്ടാണെന്നും തെളിഞ്ഞില്ലേ? ഇതുപോലെതന്നെയാണ് ഞാൻ കട്ടു എന്നു നിങ്ങൾ വിചാരിച്ചിട്ടുണ്ടെങ്കിലതും."

അമ്മാമൻ—"കൃഷ്ണൻ വല്ലതും തെററിധരിക്കരുത്. കൃഷ്ണനെപ്പററി അവനെന്നോടൊന്നും പറഞ്ഞിട്ടില്ല. പാറതിയോ ഒന്നും പറയില്ലല്ലൊ. അവനായിരിക്കുമോ എന്നെനിക്കിതുവരെ സംശയവും തോന്നീട്ടില്ല. കരുണാകരനും തെററിധരിക്കരുത്. കാണാത്ത ഉറുപ്പ്യ നീ കട്ടതാണെന്നു വിചാരിച്ചിട്ടല്ല ഞാൻ നിൻെറ കയ്യിൽ താക്കോൽ തരാത്തത്. പല കയ്യായാൽ മറിച്ചിൽ വന്നുപോകുമെന്നു വിചാരിച്ചിട്ടാണ്. നിങ്ങൾ തമ്മിൽതല്ലി നമ്മുടെ മാനം കളയരുത്."

കൃഷ്ണച്ചേട്ടൻ—"എന്നെ ഇവനവമാനിച്ചുവെന്നും ഞാൻ തല്ലിയപ്പോൾ അവനെൻെറ അനന്തിരവനാണെന്നുള്ള സ്മരണയില്ലാതെ ഇങ്ങോട്ടും തല്ലിയെന്നും

നിങ്ങൾ അറിഞ്ഞിട്ട് ഇതുവരെയൊന്നും ചെയ്തില്ല. ഇപ്പോഴും അതിനെപ്പററി ചോദ്യം ചെയ്യാതിരിക്കുമ്പോൾ ഞാനെന്തെന്നാണ് വിചാരിക്കേണ്ടത്?"

അമ്മാമൻ— "നീ എന്തു വിചാരിച്ചാലും വിരോധമില്ല. കുടുംബത്തിലിരിക്കുമ്പോൾ മനസ്സു കുറെ നന്നായിരിക്കണം. വഷളത്വം പ്രവൎത്തിക്കാൻ ഇത്ര ബദ്ധപ്പാടും വയ്യ."

ആ പാകം വരുന്നതുവരെ പിള്ളർ തല്ലിയാൽ കൊള്ളുക എന്നല്ലാതെ മറുമരുന്നില്ല. നിങ്ങളുടെ മിഞ്ഞും ചിലതൊക്കെ ധരിച്ചുവെച്ചതായി കാണുന്നുണ്ട്. കുടുംബംചെയ്ത സുകൃതം എന്നല്ലാതെ മററൊന്നും പറവാൻ കണ്ടില്ല. എന്റെ കാലംവരെ എങ്കിലും പൂൎവ്വസ്ഥിതിയിൽ ഇരുന്നാൽ കൊള്ളാമെന്നു മോഹമുണ്ട്. അതിന്നനുകൂലിക്കാതെ ആഭാസപ്രവൃത്തി തുടങ്ങിയാൽ അഷ്ടിക്കുള്ളതു പോകും. കുറച്ചുകാലമായിട്ട് വീട്ടിലുള്ളവരുടെ നടവടി എനിക്കു ബോദ്ധ്യമാകുന്നില്ല. കരാൾക്കെങ്കിലും, തമ്മിൽ സ്നേഹമോ, ആഭിജാത്യമോ, വകതിരിവോ കാണുന്നില്ല. ദുൎന്നടപ്പും ഉണ്ടെന്നു ഞാനറിഞ്ഞിട്ടുണ്ട്. മനസ്സുണ്ടെങ്കിൽ എല്ലാവരുംകൂടി യോജിച്ചു ചന്തമായിരിക്കിൻ. അല്ലെങ്കിൽ ചെയ്യേണ്ടതെനിക്കറിയാം.

ചതുൎത്ഥതന്ത്രം

സമാപ്തം

അഞ്ചാം തന്ത്രം

അഞ്ചാംപുരസ്കൂസ്ത്രീവാരം

'വൈരതരു ചേതസി മുളച്ചുഥ വളൎന്നു
സ്വൈരമതു പൂത്തു കുസുമങ്ങളുതിരുന്നു.'

കലഹബീജം നട്ടുവളൎത്തുന്നതിന്നു മരുമക്കത്തായം ആചരിച്ചുവരുന്നവരുടെ സ്വന്തം നല്ല വിളഭൂമിയാണ്. അങ്ങുമിങ്ങും തുറന്നു സംസാരിക്കുകയോ നല്ല വാക്കു പറകയോ ചെയ്താൽ സാധാരണ മനുഷ്യരുടെ ഇടയിൽ കൃത്രിമവൈരം മിക്കതും നശിച്ചുപോകും. എന്തുകൊണ്ടെന്നാൽ ഭിന്നിച്ചു കലഹിക്കുന്നതിനേക്കാൾ രഞ്ജിപ്പോടുകൂടിയിരിക്കുന്നതു മനുഷ്യസ്വഭാവത്തിന്നു അധികം രുചിയുള്ളതാണ്. അതുതന്നെയാണ് ക്ഷേമത്തിന്നും അനുകൂലിച്ചിട്ടുള്ളത്. തുറന്നുപറയാതെ ഉള്ളിലൊതുക്കുന്നതു പ്രകൃതിയുടെ ഗതിക്കു വിരുദ്ധവും ആപൽകരവുമാണ്. ശരീരക്ഷേമത്തിന്നു വിരോധം ചെയ്യുന്ന വിഷങ്ങളും മററും ശരീരത്തിന്നകത്തു കടന്നുകൂടിയാൽ ശരീരത്തിന്റെ ഏതെങ്കിലുമൊരുഭാഗത്തു നീരുകെട്ടി വളഞ്ഞു പുറത്തേക്കു മുഖംവെച്ച് ആ വിഷത്തിനെ പുറത്തു കളയത്തക്കവണ്ണം ഏൎപ്പാടുചെയ്തിരിക്കുന്ന പ്രകൃതിക്കു മനസ്സിന്നു കേടായിട്ടുള്ളതകത്തു കടക്കുമ്പോൾ അതു പറഞ്ഞും മററും കളയാതെ ഒതുക്കി വൎദ്ധിപ്പിക്കുന്നതു പ്രായേണ വിരോധമായിരിക്കുമെ

ന്നല്ലേ വിചാരിക്കേണ്ടത്? മലയാളത്തിലൊഴിച്ച ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നതുകൊണ്ടെങ്കിലും പ്രകൃതിയാണെന്നു വിചാരിക്കാവുന്ന മക്കത്തായത്തിനെ വിട്ടു മരുമക്കത്തായം ആചരിക്കുന്നവരുടെ മനസ്സിലുള്ളതു പുറത്തുപറയാൻ നല്ല തരമില്ലാത്ത വിധത്തിലാണ് മരുമക്കത്തായാചാരം എന്നുള്ളതും ചേരുന്ന പടി ചേർത്തിട്ടുള്ളതായിരിക്കാം. എന്നാൽ അനന്തിരവന്മാരോടു തുറന്നു സംസാരിക്കുന്നതു ഗൌരവക്കുറവാണെന്നു കാരണവന്മാരും അങ്ങിനെ അപൂർവ്വമായി സംസാരിക്കുമ്പോൾ നിർല്ലേഷം മൌനമായിരിക്കുന്നതോ വാക്കിൽ പിശുക്കി മറുപടി പറയുന്നതിനേക്കൂടി വായ പൊത്തിത്തടയുന്നതോ ആണ് ഒതുങ്ങി വളച്ചയുടെ ചിഹ്നമെന്നനന്തിരവന്മാരും വിചാരിക്കുന്നതുകൊണ്ടു പരിഭവങ്ങൾ പറഞ്ഞു തീരാതെ ഉറയൊഴിച്ച പാൽ തൈരാകുന്നതുപോലെ കേവലം ശത്രുതയായി പരിണമിക്കുന്നുണ്ട്. മററുള്ളവനെപ്പററി വല്ല കേടും അകത്തു കടന്നുകൂടിയാൽ ആരെങ്കിലും ചെയ്ത ദുഷ്പ്രവൃത്തിയെ അവൻെറ തലയ്ക്കുവെച്ചു കെട്ടുന്നതും പ്രവൃത്തികളിൽ അവനു വാസ്തവത്തിലില്ലാത്ത ദുഷ്ടവിചാരം ഉണ്ടെന്നു വിചാരിക്കുന്നതും മനുഷ്യസ്വഭാവമാണെന്നറിയുന്നവർകൂടി തൻെറ ഉൾക്കേടുവകകൂട്ടു കിഴിച്ചു തള്ളാതെ ഓരോരുത്തരെപ്പററി തെററിധരിക്കുമ്പോൾ,

'പരോപദേശപാണ്ഡിത്യം

സർവ്വേഷാംസുകരന്നൃണാം

ധമ്മേസപീയമനരക്ഷണം.
കസ്യചിത്തുമഹാത്മനഃ'

എന്നു പറഞ്ഞിട്ടുള്ളത് എത്രയും സത്യമാണെന്നു ബോദ്ധ്യമാകുന്നുണ്ട്.

അമ്മാമനും കൃഷ്ണച്ചേട്ടനും കരുണാകരനുമായി കൂട്ടിമുട്ടി പിരിഞ്ഞപ്പോൾ അവരുടെ മനസ്സിൽ പരസ്പരമുള്ളതായി കണ്ട സുഖവിരോധം അല്പകാലംകൊണ്ടു ഗണിക്കത്തക്ക ഹേതുക്കൂടാതെ വെറും ശത്രുതയായി പരിണമിച്ചു. അമ്മാമൻെറ അകാരണദ്വേഷത്തിന്നു ദൃഷ്ടശകൊണ്ടു പാത്രമായിത്തീൎന്ന പറഞ്ഞോടനും പകരം വീട്ടുന്നതിന്നു കുയുക്തികൾ ഉദിച്ചുതുടങ്ങി. അവനെ ഉറക്കമുണൎത്തി പ്രഹരിച്ചതിന്നു അമ്മാമനേയും അതിന്നു വിരോധമൊന്നും പറയാതെ മരംപോലെ കണ്ടുനിന്ന ദുഷ്ടമാതാവിനേയും നിദ്രാഭംഗംകൊണ്ടു തന്നെ ശിക്ഷിക്കുന്നതിന്നുദ്ദേശിച്ചു അവർ കിടക്കുന്ന കിടക്കയിലും മററും പഞ്ചസാര വിതറി ഉറുമ്പിനെ ക്ഷണിച്ചു കടി കൂട്ടിച്ചു. പുറത്തിറങ്ങുമ്പോൾ കുളിരാതിരിക്കാനും പെരുമഴക്കും അമ്മാമൻ ധരിച്ചുകൊണ്ടു പോകാറുള്ള കുപ്പായം ചുമരിൽ തൂക്കിയിരുന്നപ്പോൾ അതിന്നുള്ളിൽ ഒരു കമ്പിളിപ്പുഴുവിനെ പിടിച്ചിട്ടതിനാലുള്ള ചൊറികൊണ്ടു അമ്മാമൻ ഒരു ദിവസം വളരെ പ്രാകൃതം കാണിച്ചു. ഇതു രണ്ടും ശത്രുത നിമിത്തം ഉണ്ടായതാണെന്നാൎക്കും ഊഹം ചെന്നില്ല. ഒരു ദിവസം അമ്മാമനെക്കാണ്മാൻ വന്നിരുന്ന ചിലരോടു വ

ലിപ്പത്തോടെ കാൎയ്യം പറയുന്നതിന്നു അദ്ദേഹം ചാരു കസേരയിൽ വന്നിരുന്നപ്പോൾ ചൂരൽ മടഞ്ഞിരുന്ന തററ് ഉള്ളിലേക്കു വീണു. വീഴ്ചയേക്കാൾ വേദന, മററു ള്ളവർ കണ്ടതിലും ദേഹത്തിനേക്കാൾ പരുക്ക് ഗാംഭീ ൎയ്യത്തിനുമാണെന്നു പറയേണ്ടതില്ലല്ലൊ. വീഴാനുള്ള കാരണം നോക്കിയാൽ ചൂരൽ മടഞ്ഞിട്ടുള്ളതിന്റെ ര ണ്ടൊ മൂന്നൊ ഇഴയൊഴിച്ചു ബാക്കിയുള്ളതെല്ലാം പേ നാക്കത്തികൊണ്ടറുത്തുവെച്ചതായി കണ്ടു. ഈ ചതി ചെയ്തത് അനന്തിരവന്മാരാണെന്നപ്പോൾ തീൎച്ചയാ ക്കി. ഉറുമ്പു കടിച്ചതിന്നും ചൊറിഞ്ഞതിന്നും ഹേതു കിട്ടി. മുമ്പൊരിക്കൽ തന്നെ പട്ടിയേക്കാൾ കടകെട്ട താക്കിവെച്ചു തല്ലു കൊള്ളിച്ച കസേരിക്കും തല്ലിയ മ നുഷ്യനും പറഞ്ഞോടടൻ കല്പിച്ച ശിക്ഷാവിധിയാണി തെന്നാൎക്കും ആലോചന ചെന്നില്ല. അനന്തിരവന്മാർ ചെയ്തതായിരിക്കുമെന്നമ്മാമൻ പറഞ്ഞപ്പോൾ അതുറ പ്പിക്കാനുള്ള വഴികളെ നിൎമ്മിച്ചും ചൂണ്ടിക്കാണിച്ചും ഓൎമ്മപ്പെടുത്തിയും അമ്മായിഅമ്മ പ്രയോഗിച്ചും തുട ങ്ങി. നാലുകെട്ടിൽനിന്നു പിരിച്ച് അഞ്ചാംപുര കെട്ടി ക്കാൻ കല്ലിടുന്നതിന്ന് ഇത്ര നല്ല മുഹൂൎത്തം കിട്ടീട്ട് അ മ്മായിഅമ്മ അതിനെ വിട്ടുകളയുമോ? അന്നു മുതൽക്കു ഞങ്ങടെ വീട്ടിലുണ്ടാക്കുന്ന പദാൎത്ഥങ്ങളിൽ ഉപ്പൊ മു ളകൊ വളരെ അധികരിച്ചു കണ്ടു തുടങ്ങി: കല്ലും മണ ലും വേവാറില്ല. അധികം വിശപ്പോടുകൂടി ഊണിന്നി രിക്കുമ്പോൾ ലേശംപോലും ഉണ്ണാൻ പാടില്ലാത്ത വി

ധം ശുണ്ഠി പിടിക്കുമ്പോൾ ചോററിലൊരു തലനാരും കൂടി. പിറെറ ദിവസം ഉപ്പും മുളകും നന്നെ കുറഞ്ഞു. എല്ലാവരുംകൂടി ശ്രദ്ധവെച്ചു പദാൎത്ഥങ്ങളുണ്ടാക്കിയപ്പോൾ മണ്ണെണ്ണയുടെ ഗന്ധം!

അമ്മാമൻ ഉണ്ണാതെ ദേഷ്യപ്പെട്ടുപോയി ഒരു പട്ടരുടെ മഠത്തിൽ ഊണാക്കി. കൃഷിസ്ഥലത്തിനു സമീപത്ത് ഒരു പുര പണിയിച്ചു വേറെ വെച്ചുണ്ടു താമസിക്കുന്നതിന്നു നിശ്ചയിച്ചു വേണ്ടുന്ന സംഖ്യ തറവാട്ടുവസ്തു പണയമെഴുതി കടവുംവാങ്ങി കല്ലും മരവും ശേഖരിച്ചു പുരപ്പണി തുടങ്ങി. കുടുംബക്കാൎക്കു ചിലവിന്നു കൊടുക്കാതായി. പട്ടിണി തുടങ്ങിയപ്പോൾ വളരെ മനോവേദനയോടുകൂടി കാൎയ്യങ്ങൾ ചൊവ്വാക്കിത്തരുന്നതിന്നു ഞങ്ങടെ കുലദൈവത്തിന്നു വഴിവാടു നേൎന്നു കല്യാണി അമ്മ പ്രാൎത്ഥിച്ചുകൊണ്ടു നില്ക്കുമ്പോൾ — ആശ്ചൎയ്യം! ഒരു നിലവിളിയോടുകൂടി ശ്രാമ്പിയിലെ കോണിപ്പടിയുടെ മുകളിൽനിന്നു ആരൊ വീണു. ഞങ്ങളൊക്കെക്കൂടി ഓടിച്ചെന്നു നോക്കിയപ്പോൾ അമ്മായി അമ്മ കോണിപ്പടിയുടെ ചുവട്ടിൽ വീണു കയ്യൊടിഞ്ഞു ബോധംകെട്ടു കിടക്കുന്നു. പുര പണിയിക്കുന്ന സ്ഥലത്തു പോയി അമ്മാമനേയും അതിന്നടുത്തുള്ള ആസ്പത്രിയിൽ പോയി പാത്തിക്കിരിയേയും കൂട്ടിക്കൊണ്ടുവരുന്നതിന്ന് ഒരാളെ അയച്ചു. എനിക്കറിവുള്ള വിധം അമ്മായിഅമ്മയുടെ കയ്യിനെ ഒരു വിധം ചൊവ്വാക്കിവെച്ചു തുണികൊണ്ടു കെട്ടി. മുഖത്തു കുറെ വെള്ളം

തള്ളിച്ചു കുറച്ചുനേരം കഴിഞ്ഞപ്പോൾ ബോധമുണ്ടായി. അമ്മാമനും പാത്തിക്കിരിയും എത്തി. വീണതെങ്ങിനെയാണെന്നു ചോദിച്ചപ്പോൾ കോണിയിറങ്ങുമ്പോൾ തന്നെ ആരൊ മുകളിൽനിന്നു പിടിച്ചു തള്ളി എന്നു പറഞ്ഞു. അമ്മാമൻ കൃഷ്ണച്ചേട്ടന്റെയും കരുണാകരന്റെയും മുഖത്ത് ഓരോ നോട്ടംനോക്കി. 'ജെയിൽ കാണിച്ചു തന്നിട്ടിനി' എന്നു പറഞ്ഞമ്മാമൻ എഴുനേറ്റു. പൊല്ലീസ്സ്റ്റേഷനിൽ അറിവുകൊടുക്കുന്നതിനുദ്ദേശിച്ച് അമ്മാമൻ ഒരാളെ വിളിച്ചു. ഞാൻ കെട്ടിയ കെട്ടഴിച്ചു പാത്തിക്കിരി അമ്മായിഅമ്മയുടെ കൈ ശരിയാക്കി വെച്ചുകെട്ടി പോകയും ചെയ്തു.

അമ്മാമൻ മുഷിഞ്ഞുപോയ മുതൽക്കു എന്റെ ഹൃദയത്തിൽ എന്തെല്ലാമൊ കിടന്നു പുഴുങ്ങുന്നതുകൊണ്ടു വാക്കുകൾക്കു പുറത്തേക്കു വരാനുള്ള വഴി മുട്ടിയ പോലെ എന്തോ ഒരു മൌനം എന്നെ ബാധിച്ചിട്ടുണ്ടായിരുന്നു. അമ്മാമൻ പൊല്ലീസ്സിലേക്കറിവുകൊടുപ്പാൻ പുറപ്പെട്ടപ്പോൾ ഞാനറിയാതെയും ആലോചിക്കാതെയും 'ദൈവശിക്ഷയാണിത്' എന്നു പറഞ്ഞുപോയി. എല്ലാവരും വിശേഷിച്ച് അമ്മാമനും എന്റെ മുഖത്തു നോക്കി.

ഞാൻ — "അമ്മാമൻ ഇപ്പോളെന്തിനു പുറപ്പെടുന്നത്?"

അമ്മാമൻ — "ഇത്ര ദുഷ്ടത ചെയ്തവരെ ജെയിൽ കാണിക്കാതിരിക്കുമൊ ഞാൻ?"

ഞാൻ — "ആർ ചെയ്തതാണെന്നു വിചാരിച്ചിട്ടാണീപ്പറയുന്നത്?"

അമ്മാമൻ — "ആരാണെന്നുടനെ അറിയാം".

ഞാൻ — "ഇനിയെങ്കിലും കുറെ അറിയിക്കേണമെന്നാണെനിക്കും തോന്നുന്നത്" ഞാനിങ്ങിനെ പറഞ്ഞപ്പോൾ എൻെറ വിചാരത്തെ തീരെ തെററിധരിച്ചും ആ ധരിച്ചതിൽ വിശ്വാസം തികയാതെയും എന്നെ ഒന്നു നോക്കുകയാണദ്ദേഹം ചെയ്തത്. എങ്കിലും അദ്ദേഹം ഇടിവീണ് മരിച്ചുപോയെ എന്നെനിക്കു തോന്നി.

അദ്ദേഹത്തിൻെറ ക്ഷോഭത്തിന്നു കാരണമുണ്ട്. എത്രയും സ്നേഹത്തോടുകൂടിയാണദ്ദേഹം എന്നെ ഇംഗ്ലീഷും മററും പഠിപ്പിച്ചു നന്നാക്കീട്ടുള്ളത്. അദ്ദേഹത്തിന്നു വിരോധമായി ഒരു വാക്ക്കൂടി ഞാൻ പറയില്ലെന്നു എൻെറ നടവടികൊണ്ട് അദ്ദേഹത്തിനെ ഞാൻ വിശ്വസിപ്പിച്ചിട്ടുണ്ട്. അങ്ങിനെയിരിക്കെ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ദുഷ്ടന്മാരായ ബാക്കിയുള്ള നന്ത്രിരവന്മാരുടെ കൂട്ടത്തിൽ ഞാനുംകൂടി അദ്ദേഹത്തിൻെറ നേരെ വടിയെടുക്കുന്നതിന്നൊരുങ്ങിയ മാതിരിയിൽ പറഞ്ഞപ്പോൾ അദ്ദേഹത്തിന്നു ജീവഹാനി വരത്തക്ക മനോവേദനയുണ്ടായതിൽ ആശ്ചര്യമില്ല. നന്ദികേടുപോലെ കൂത്ത ശരം അതല്ലാതെ മററെന്താണ്? തെററിധരിച്ചിട്ടാണദ്ദേഹത്തിന്നിങ്ങിനെ സുഖക്കേടുണ്ടായതെന്നു ഞാനറിഞ്ഞ ഉടനെ അവ്യക്ത

മായി പറഞ്ഞതിന്മേൽ പശ്ചാത്താപം തോന്നി ഞാൻ ബദ്ധപ്പെട്ടിങ്ങിനെ പറഞ്ഞു.

ഞാൻ—"ഇവിടുന്നറിയാത്തതും ഞാനറിഞ്ഞിട്ടുള്ളതുമായ ചില സംഗതികളെ പററിയാണ് ഞാൻ പറഞ്ഞത്. കുറച്ചു മുമ്പുതന്നെ ഞാനതു പറയേണ്ടതായിരുന്നു. അതു ചെയ്യാഞ്ഞത് എന്റെ ആലോചനക്കുറവാണ്".

അമ്മാമന്റെ മുഖത്തു രക്തപ്രസാദമുണ്ടായി.

അമ്മാമൻ—'അതെന്താ?

ഞാൻ—"അമ്മായിഅമ്മയെ ഈ വീട്ടിലുള്ളവരാരെങ്കിലും പിടിച്ചു തള്ളിയിരിക്കുമെന്നല്ലെ ഇവിടുന്നു വിശ്വസിച്ചിരിക്കുന്നത്?"

അമ്മാമൻ.—"പാറതി പറഞ്ഞതു നീ കേട്ടില്ലേ?"

ഞാൻ—"കേട്ടു. എന്തോ ചിത്തഭ്രമംകൊണ്ടു പറയുന്നതാണ്".

അമ്മാമൻ—"ചിത്തഭ്രമം! പാറതി പറഞ്ഞാൽ മനസ്സിലാക്കാൻ ബുദ്ധിയുള്ളവർ ഈ വീട്ടിനുള്ളിൽ ജനിച്ചിട്ടുണ്ടോ?"

ഞാൻ—"അത്രത്തോളം കോപ്പുണ്ടെന്നിവിടുന്നു ധരിച്ചിട്ടുണ്ടെങ്കിൽ എനിക്കു പകുതി യത്നം ലാഭമായി".

അമ്മാമൻ—"ഒരസത്യം പറഞ്ഞതായി നീ കേട്ടിട്ടുണ്ടോ?"

ഞാൻ — "അസത്യം പറയില്ലെന്നു ധരിപ്പിക്കാൻ സാമർത്ഥ്യമുണ്ടെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ട്".

ഞാനല്ല വേറെ വല്ലവരുമാണിങ്ങിനെ പറഞ്ഞിരുന്നതെങ്കിൽ അമ്മാമൻ അവരെ ആട്ടി പുറത്താക്കുമായിരുന്നു. വീണു കയ്യൊടിഞ്ഞു കിടക്കുന്ന മദ്ധ്യത്തിൽ ലേശംപോലും ദയ തോന്നാത്ത മാതിരിയിൽ രണ്ടു പ്രകാരത്തിൽ എന്റെ അമ്മായിഅമ്മയായവരെപ്പററി ഞാനിങ്ങിനെ പറഞ്ഞപ്പോൾ വീട്ടുകാരെല്ലാം എത്രയും ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടു നിന്നിരുന്നു. അമ്മായിഅമ്മയെപ്പററി എനിക്കു നല്ല അഭിപ്രായമല്ലെന്നിതുവരെ ആരും ഗ്രഹിച്ചിട്ടില്ല. ഞാൻ പറഞ്ഞതിൽ അമ്മാമന്നു നീരസം കലശലായി എങ്കിലും ഞാൻ പറയുന്നതു കേട്ടാൽ കൊള്ളാമെന്നും കേട്ടതിന്നു ശേഷം എന്നെ പറഞ്ഞു ബോദ്ധ്യംവരുത്തി എന്റെ അഭിപ്രായം മാററിക്കണമെന്നും ആഗ്രഹമുണ്ടായിരുന്നു എന്നു തോന്നുന്നുണ്ട്. വല്ലവരും കേൾക്കാനാഗ്രഹിക്കുന്നുണ്ടോ എന്നു നോക്കുന്നതിന്നോ ഞാൻ പറയുന്നതിനെ മററുള്ളവർ വിശ്വസിക്കത്തക്കവണ്ണം ഉള്ളേടത്തോളം സംഗതികളെ ചേർത്തു പറയേണമെന്നോ ഒന്നും ആലോചിക്കാനവസരമില്ലാതെ തീപ്പൊരിയുള്ളിൽപെട്ട വെടിമരുന്നറപോലെ എന്റെ ഹൃദയം ഘോഷമായി പൊട്ടിത്തുറന്നു. കാററിനോടു സംസാരിച്ച ആളാണെന്നമ്മാമനെ ധരിപ്പിച്ചതും അതു കരുണാകരനാണെന്നു കൃഷ്ണച്ചേട്ടനെ ധരിപ്പിച്ചതും കരു

ന്നാകരനെക്കൊണ്ടു കൃഷ്ണച്ചേട്ടന്റെ ഭാൎയ്യയെ പരിഹസിപ്പിച്ചതും തമ്മിൽ തല്ലിച്ചതും തലക്കെണ്ണ കാച്ചാറുള്ള നെയ്യിനെ വാലിയക്കാരൻ കൃഷ്ണൻനായരെക്കൊണ്ടു മാററിവെപ്പിച്ചു കല്യാണിയമ്മയെ കുററം ചുമത്തിപ്പിച്ചതും ഉപ്പും മുളകും വാരിയിട്ടു കൂട്ടാൻ വഷളാക്കിയതും എല്ലാം പറഞ്ഞു വലുതായ മഴ പെയ്തു തോററംപോലെ അവസാനിച്ചു.

കുറെ നേരത്തിന്നു യാതൊരു ശബ്ദവുമില്ല.

കല്യാണിയമ്മ — ആ "കൃഷ്ണൻനായർ നമ്മുടെ ചോറുതിന്നു തടിച്ചിട്ടിങ്ങിനെയാണൊ ചെയ്തതു്?"

ഞാൻ — (കല്യാണിയമ്മയോടു്) "ഛെ! ആയാളെ കുററം പറയരുതു്. ആയാൾ ഒന്നും അറിഞ്ഞിട്ടില്ല. ഭരണി കൊണ്ടുവന്നിറയത്തു വെച്ചിരിക്കുമ്പോൾ നിങ്ങൾക്കകത്തു കടക്കാൻ പാടില്ലായിരുന്നു. മുറുക്കാൻ അടയ്ക്കയില്ലെന്നു പറഞ്ഞു ശ്രാമ്പിയുടെ മുകളിൽ അടയ്ക്കയില്ലാത്ത സ്ഥലത്തു അടയ്ക്കയുണ്ടെന്നു പറഞ്ഞു് എടുത്തുകൊണ്ടുവരാൻ കൃഷ്ണൻനായരെ പറഞ്ഞയച്ചു. കിട്ടാതായപ്പോൾ ദുർദ്ദേവത മുകളിലേക്കുപോയി. 'അടയ്ക്ക ഞാനെടുത്തു കൊടുക്കാം; താൻ പോയി കല്യാണിയമ്മയോടു കലമറത്താക്കോൽ വാങ്ങി കൊണ്ടുവന്നു ഭരണികൊണ്ടുപോയി ഒരു മുക്കിൽ ഒളിച്ചു വെക്കു. വെറും ഭരണി വെക്കരുതെ കുറെ നെയ്യൊഴിച്ചടച്ചുവെക്കു' എന്നു പറഞ്ഞയാളെ അയച്ചു. ആയാൾ അതുപോലെ ചെയ്തു. അന്നുതന്നെ ആയാളോടു ശണ്ഠയായി ശമ്പളം

കൊടുത്തു പിരിച്ചയയ്ക്കയും ചെയ്തു. ‘എന്നിട്ടു നിങ്ങളെയാണ് കുറ്റപ്പെടുത്തിയിരിക്കുന്നത്’’.

കല്യാണിയമ്മ—“ശിവ! ശിവ! ഈ വീട്ടിന്നുള്ളിൽ ചില ദൈവങ്ങളുണ്ട്. ഇതല്ല ശിക്ഷ. ഇനിയും ഉടനെ കാണാം.”

അമ്മാമൻ—“മരുമകൻ പറയുന്നതു പാറതി കേട്ടില്ലേ?”

അമ്മായിഅമ്മയ്ക്കു പിന്നെയും മോഹാലസ്യം വന്നത് അമ്മാമനറിഞ്ഞില്ല. ചോദ്യത്തിന്നു മറുപടി കിട്ടാതായപ്പോൾ അടുത്തു ചെന്നിരുന്നു. പാതതിക്കിരിക്ക രണ്ടാമത്തും ആളയച്ചു. ഞാൻ പറഞ്ഞതൊന്നും അദ്ദേഹം വിശ്വസിച്ചിട്ടില്ലെന്നെനിക്കു തോന്നി. നന്ദിയും ദയയുമല്ലാതെ മറ്റൊന്നും പ്രബലപ്പെടാത്ത ഈ സന്ദർഭത്തിൽ ഞാനിതു പറഞ്ഞത് ആലോചനക്കുറവായി എന്നു പിന്നെ എനിക്കു തോന്നി.

‘അവസരരഹിതാവമാനി
ഗുണഗണസഹിതന്നേരാജതേ പുംസാം’

എന്നു ഞാൻ കേട്ടിട്ടുണ്ടെങ്കിലും തരംനോക്കിപ്പറയാൻ തക്കവണ്ണം ക്ഷമയില്ലാത്തതുകൊണ്ട് എന്റെ അറിവുകൊണ്ട് എനിക്കു ഫലമുണ്ടായില്ല എന്നുമാത്രമല്ല എത്രയും പരിശുദ്ധയായ കൊച്ചുനാരായണിയെപ്പറ്റി അദ്ദേഹം തെറ്റിദ്ധരിച്ചിട്ടുണ്ടെന്നും മറ്റും പറയാൻ മറന്നുപോയി. പിന്നീടു പറയാഞ്ഞത് ഉചിതമായി [illegible] ന്നതുകൊണ്ടെന്നാൽ സംശയം തീ

MUL
034846

ക്കാൻ പറയുന്നതിന്ന് സംശയത്തിന്നടിസ്ഥാനമാക
ന്നതാണ് ലോകസ്വഭാവം.

പുരപണിയിക്കുന്ന സ്ഥലം ആസ്പത്രിക്കടുത്താക
യാൽ ചികിത്സക്ക് സൌകൎയ്യമുണ്ടെന്നു പറഞ്ഞ് അന
ന്നെ അമ്മായിഅമ്മയെ കൊണ്ടുപോയി അവിടെ
യുള്ള നെടുമ്പുരയിൽ താമസിപ്പിച്ചു. ശുശ്രൂഷക്കു മകളു
പോയി.

പിറെറന്നാൾ കൃഷ്ണച്ചേട്ടനേയും എന്നേയും കര
ണാകരനേയും പ്രതിചേൎത്ത് അമ്മായിഅമ്മയുടെ ഒര
ക്രിമിനാൽ വ്യവഹാരം. ഭക്ഷണച്ചിലവിന്നു ഞങ്ങളെ
വക ഒരു സിവിൽ വ്യവഹാരം. ഒരു കൈകാൎയ്യവ്യ
ഹാരം. പുരപ്പണിയാവശ്യത്തിന്ന് അമ്മാമൻ എഴുത
കൊടുത്ത പണയം ദുൎബ്ബലപ്പെടുത്താൻ ഒരു വ്യവഹാരം
അവിടുന്നല്പം കഴിഞ്ഞപ്പോൾ തറവാട്ടിന്റെ മേൽ ക
ടക്കാരുടെ രണ്ടു മൂന്നു വ്യവഹാരം. കല്യാണിയമ്മയുടെ
അച്ഛൻ കൊടുത്ത ഒരു വസ്തു തറവാട്ടുവകയാണെന്ന
പറഞ്ഞ് ഒഴിപ്പിപ്പാൻ അമ്മാമന്റെ ഒരു വ്യവഹാരം
മേഞ്ചിലവിന്നു കൃഷ്ണച്ചേട്ടന്റെ ഒരു പ്രത്യേകവ്യവഹാരം
തറവാട്ടിൽ ഭദ്രം.

B 95

പഞ്ചമതന്ത്രം സമാപ്തം.

17 DEC 1942